കേരള സർക്കാർ

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2024 ഡിസംബർ

&

## ത്രൈമാസ അവലോകനം

## ഒക്ടോബർ, നവംബർ, ഡിസംബർ

## ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 42 |
| വിദ്യാകിരണം | 44 |
| ആർദ്രം മിഷൻ | 47 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 58 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 321 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 29,228 | 796 | 706 | 307 | 31,037 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 35874.7 | 740.9 | 699.3 | 1080.7 | 38395.6 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3602 | 71 | 40 | 46 | 3759 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5207 | 74 | 61 | 92 | 5434 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9076 | 92 | 103 | 167 | 9438 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17808 | 145 | 121 | 199 | 18273 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 673 | 25 | 15 | 17 | 730 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 65,060 | 1710 | 1511 | 1350 | 69,631 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | | | 660 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 321 | 5 | 8 | 7 | 341 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 215 | | | 2 | 217 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 1837.41 | 284.42 | 227.63 | 99.1 | 2448.56 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറക്വാറികളുടെ എണ്ണം. | | | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3521 | 30 | 19 | 30 | 3600 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1062.89 | 10.01 | 34.04 | 21.99 | 1128.93 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | | | | | 9 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 2422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 796 | 73 | 47 | 70 | 986 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | | | 431 |
| പ്രഖ്യാപനം നടത്തിയ ഹരിത ടൂറിസം കേന്ദ്രങ്ങൾ | | | | | 66 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | | | 51870 |
| പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങൾ | | | | | 23856 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 132 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 ഡിസംബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളും, 2024 ഒക്ടോബർ മുതൽ ഡിസംബർ മാസം വരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഏറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. നിലവിൽ 132 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

- ❖ കൊല്ലം ജില്ലയിൽ കരവാളൂർ ഗ്രാമപഞ്ചായത്തിൽ ശിൽപ്പശാലയും മോട്ടോർവാഹന വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ രണ്ടാംഘട്ടത്തിൽ ക്യാമ്പയിനായി തിരഞ്ഞെടുത്ത 9 തദ്ദേശസ്ഥാപനങ്ങളെക്കൂടി

ഉൾപ്പെടുത്തി ജില്ലാതല ശിൽപ്പശാല ജനുവരി മാസം നടത്തുന്നതിന് തീരുമാനിച്ചു.

- ❖ കോട്ടയം ജില്ലയിൽ രണ്ടാംഘട്ടത്തിൽ ക്യാമ്പയിനായി തിരഞ്ഞെടുത്ത 10 തദ്ദേശസ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി ജില്ലാതല ശിൽപ്പശാല ജനുവരി മാസം നടത്തുന്നതിന് തീരുമാനിച്ചു.
- ❖ എറണാകുളം ജില്ലയിൽ GIDA യുടെ സഹായത്തോടെ ഹരിത കേരളം മിഷനും പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ ഭാഗമായ സർവ്വേ കുഴുപ്പള്ളി, എളകുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ചു. നിലവിൽ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ പാലക്കാട് ജില്ലയിൽ കാർബൺ സന്തുലിതാവസ്ഥാ പ്രവർത്തനം നടപ്പിലാക്കുന്ന ആദ്യത്തെ നഗരസഭയാണ് ഒറ്റപ്പാലം നഗരസഭ. ഒറ്റപ്പാലം നഗരസഭയിൽ കോർ കമ്മിറ്റി യോഗവും സാങ്കേതിക സമിതി രൂപീകരണ യോഗവും ഡിസംബർ മാസത്തിൽ നടന്നു. 2025 ജനുവരി 1 നു നെറ്റ് സീറോ ക്യാമ്പയിന്റെ ഭാഗമായി വിപുലമായ ശിൽപശാല നടത്താൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ നടന്ന ആകെ ഊർജ്ജ സംരക്ഷണ ക്ലാസ്സുകളുടെ എണ്ണം 1309, പങ്കാളിത്തം 29964.
- ❖ കണ്ണൂർ ജില്ലയിൽ 10 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 158.5 ഏക്കർ വിസ്തൃതിയിൽ മില്ലറ്റ് കൃഷി ആരംഭിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ഡിസംബർ 23 ന് ചെറുവത്തൂർ ഹയർ സെക്കണ്ടറി സ്കൂളിലെ NSS ക്യാമ്പ്, GCS GHSS, ഇളമ്പച്ചിയിൽ വെച്ച് നടത്തുന്ന സപ്തദിന ക്യാമ്പിൽ നെറ്റ് സീറോ ഊർജ്ജസംരക്ഷണം എന്ന വിഷയം കൂടി ഉൾപ്പെടുത്തി ക്ലാസ്സെടുത്തു.
- ❖ കാസർഗോഡ് ജില്ലയിൽ ഡിസംബർ മാസം വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ ഇടയിലെക്കാട് പ്രദേശത്തെ 35 സെന്റ് വിസ്തീർണ്ണമുള്ള സ്വകാര്യപറമ്പിൽ കാർബൺ സീക്വസ്ട്രേഷൻ എസ്റ്റിമേഷൻ സർവ്വേ നടത്തി.
- ❖ കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിൽ കുണിയ ആർട്സ് & സയൻസ് കോളേജിലെ NSS വളണ്ടിയേസിന്റെ ക്യാമ്പിൽ നെറ്റ് സീറോ കാർബൺ ഊർജ്ജസംരക്ഷണം ക്ലാസ് നൽകി.
- ❖ കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബണുമായി ബന്ധപ്പെട്ട് സ്ഥാപനതല സർവ്വെ ആരംഭിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 24 | 49 | 76 | 301 | 424 | 0 | 0 | 4 | 180 | 145 | 359 |
| നവംബർ | 26 | 85 | 110 | 171 | 366 | 0 | 0 | 6 | 413 | 90 | 83 |
| ഡിസംബർ | 25 | 86 | 111 | 144 | 341 | 1 | 68 | 23 | 976 | 191 | 234 |
| ആകെ | 75 | 220 | 297 | 616 | 1131 | 1 | 68 | 33 | 1569 | 426 | 676 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | | | | |
| ഒക്ടോബർ | 3 | 4 | 8 | 12 | 24 | 0 | 0 | 0 | 0 | 16 | 31 |
| നവംബർ | 3 | 5 | 8 | 18 | 31 | 0 | 0 | 0 | 0 | 10 | 25 |
| ഡിസംബർ | 5 | 8 | 14 | 14 | 36 | 0 | 0 | 0 | 0 | 32 | 13 |
| ആകെ | 11 | 17 | 30 | 44 | 91 | 0 | 0 | 0 | 0 | 58 | 69 |

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ പ്രകടന പത്രികയിൽ 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2024 ഡിസംബർ മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 5567.4 | 600 | 503 | 918 | 3306 | 104 | 15633 |
| കൊല്ലം | 4475.45 | 200 | 455 | 705 | 3491 | 8 | 15390 |
| പത്തനംതിട്ട | 1641.69 | 192 | 203 | 571 | 917 | 29 | 4197 |
| ആലപ്പുഴ | 1710.57 | 79 | 47 | 207 | 307 | 18 | 2279 |
| കോട്ടയം | 1474.5 | 61 | 257 | 453 | 596 | 18 | 1928 |
| ഇടുക്കി | 1673.09 | 209 | 256 | 289 | 319 | 54 | 1482 |
| എറണാകുളം | 2886.44 | 179 | 290 | 829 | 523 | 22 | 0 |
| തൃശ്ശൂർ | 1879.20 | 147 | 139 | 396 | 1031 | 12 | 44 |
| പാലക്കാട് | 7106.15 | 742 | 890 | 647 | 1519 | 16 | 12138 |
| മലപ്പുറം | 1580.44 | 357 | 482 | 218 | 1939 | 127 | 1081 |
| കോഴിക്കോട് | 1909.76 | 206 | 172 | 403 | 1025 | 45 | 237 |
| വയനാട് | 1988.52 | 86 | 761 | 130 | 367 | 94 | 1826 |
| കണ്ണൂർ | 2720.48 | 542 | 536 | 2812 | 1563 | 112 | 10745 |
| കാസർഗോഡ് | 1781.93 | 159 | 443 | 860 | 1370 | 71 | 2651 |
| ആകെ | 38395.62 | 3759 | 5434 | 9438 | 18273 | 730 | 69631 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2024 ഡിസംബർ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 38395.62 കിലോമീറ്റർ നീർച്ചാലുകളും 3759 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 84131.62 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5434 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 730 സ്ഥിരം തടയണകളും 69631 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9438 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 18273 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3491 എണ്ണം), തിരുവനന്തപുരം (3306 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2812).

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ഡിസംബർ മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 1080.7 കിലോമീറ്റർ നീർച്ചാലുകളും 46 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 92 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിസംബർ മാസത്തിൽ 167 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 199 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 17 സ്ഥിരം തടയണകളും 1350 താൽക്കാലിക തടയണകളും നിർമ്മിച്ചു.

❖ ആലപ്പുഴ ജില്ലയിൽ വയലാർ, പുറക്കാട്, തകഴി, ആല, നൂറനാട്, എന്നിവിടങ്ങളിലായി 175.33 കി.മീ നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. പാലമേൽ, തഴക്കര എന്നിവിടങ്ങളിലായി 7

കിണറുകൾ നിർമ്മിക്കുകയും വെൺമണി, ഭരണിക്കാവ്, മാവേലിക്കര താമരക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിലായി 196 താൽക്കാലിക തടയണുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

- തൃശ്ശൂർ ജില്ലയിൽ ഡിസംബർ മാസത്തിൽ 102 നീർച്ചാലുകൾ 63.76 കി.മീ ആകെ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം 2 കുളങ്ങൾ നിർമ്മിക്കുകയും 6 കിണറുകൾ റീചാർജ് ചെയ്യുകയും ചെയ്തിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിൽ 14.45 കി മീ നീളത്തിൽ 10 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 9 കുളങ്ങൾ നിർമ്മിച്ചു. 10 കിണറുകൾ റീചാർജ്ജ് ചെയ്തു. 3 പുതിയ കിണറുകളും നിർമ്മിച്ചിട്ടുണ്ട്. 2 സ്ഥിരം തടയണയും നിർമ്മിച്ചിട്ടുണ്ട്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
| നിർമിച്ച കിണറുകൾ | 17808 | 145 | 121 | 199 | 18273 |
| നിർമിച്ച കുളങ്ങൾ | 5207 | 74 | 61 | 92 | 5434 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | 35874.76 | 740.9 | 699.3 | 1080.7 | 38395.66 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 3602 | 71 | 40 | 46 | 3759 |
| റീചാർജ് ചെയ്ത കിണറുകൾ | 9076 | 92 | 103 | 167 | 9438 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 673 | 25 | 15 | 17 | 730 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 65,060 | 1710 | 1511 | 1350 | 69631 |

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു. എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 247 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 341 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 ഡിസംബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് | | |
|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 73 | 9 |
| കൊല്ലം | 52 | 32 |
| പത്തനംതിട്ട | 17 | 12 |
| ആലപ്പുഴ | 16 | 8 |
| കോട്ടയം | 71 | 9 |
| ഇടുക്കി | 29 | 13 |
| എറണാകുളം | 37 | 15 |
| തൃശ്ശൂർ | 35 | 18 |
| പാലക്കാട് | 49 | 30 |
| മലപ്പുറം | 94 | 16 |
| കോഴിക്കോട് | 77 | 73 |
| വയനാട് | 26 | 26 |
| കണ്ണൂർ | 43 | 42 |
| കാസർഗോഡ് | 41 | 38 |
| ആകെ | 660 | 341 |

കോഴിക്കോട് (4), കണ്ണൂർ (1), തൃശ്ശൂർ (1), ആലപ്പുഴ (1) എന്നീ ജില്ലകളിലാണ് 2024 ഡിസംബർ മാസം റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത്. നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ 326 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 660 ഗ്രാമപഞ്ചായത്തുകളിലും (63.54%) ജലബജറ്റാകും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- കൊല്ലം ജില്ലയിൽ ഡിസംബർ മാസത്തിൽ ജല ബഡ്ജറ്റിൽ നിന്ന് ജലസുരക്ഷയിലേക്ക് എന്ന ക്യാമ്പയിനിൽ മുഖത്തല ബ്ലോക്കിൽ ഇളമ്പള്ളൂർ പഞ്ചായത്തിലെ പുനുകന്നൂർ ചിറയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാട് വെട്ടിത്തെളിച്ച് 160 മീറ്റർ കയർ ഭൂവസ്ത്രം ചെയ്തു വരുന്നു.
- പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക് പരിധിയിൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ട് ബ്ലോക്ക് തല സാങ്കേതിക സമിതി ഡിസംബർ 6 ന് ചേർന്നു.
- ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് ജല ബജറ്റ് പ്രകാശനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- കോട്ടയം ജില്ലയിൽ ഡിസംബർ മാസത്തിൽ ജല ബഡ്ജറ്റിന്റ ഭാഗമായി ഉഴവൂർ പഞ്ചാത്തിൽ ഡാറ്റാ കളക്ഷൻ നടത്തി. വൈക്കം, കടുത്തുരുത്തി, ളാലം, പള്ളം ബ്ലോക്കുകളിൽ ഡാറ്റാ കളക്ഷൻ പൂർത്തീകരിക്കാനുണ്ട്. വാഴൂർ ബ്ലോക്കിന്റെ റിപ്പോർട്ട് പ്രവർത്തനം പൂർത്തീകരിച്ചു.
- ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്ക് ലെ ഗ്രാമപഞ്ചായത്തുകളുടെ ജല ബജറ്റ് പൂർത്തിയാക്കി. മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു
- തൃശ്ശൂർ ജില്ലയിൽ വലപ്പാട് ഗ്രാമപഞ്ചായത്ത് ജലബജറ്റ് റിപ്പോർട്ട് അവതരണം പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. കൊരട്ടി ഗ്രാമപഞ്ചായത്ത് ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വേണ്ട പ്രാഥമിക തലത്തിലുള്ള പഞ്ചായത്ത് തല ശിൽപശാല സംഘടിപ്പിച്ചു
- പാലക്കാട് ജില്ലയിൽ പട്ടാമ്പി ബ്ലോക്കിന്റെ ജലബജറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. മലമ്പുഴ, നെന്മാറ ബ്ലോക്കുകളിലെ വിവരശേഖരണം പൂർത്തിയാക്കി ഡാറ്റാ പരിശോധനയ്ക്ക് നൽക്കുന്നതാണ്.
- പാലക്കാട് ജില്ലയിൽ ജലബജറ്റ് അവതരിപ്പിച്ച പഞ്ചായത്തുകളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രോജക്റ്റുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഈ മാസത്തെ ഡി.പി.സി യോഗത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തുന്നതാണ്.
- മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ ജലബജറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമായി സാങ്കേതിക സമിതി ചേർന്ന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി കണ്ടെത്തിയ 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി
- കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് ബ്ലോക്കിലെ പാട്യം ഗ്രാമ പഞ്ചായത്ത് ജല ബജറ്റ് പ്രകാശനം MLA

നിർവ്വഹിച്ചു. ധർമ്മടം മണ്ഡലം ജലബജറ്റ് റിപ്പോർട്ട് പ്രകാശനത്തിന് തയ്യാറായിട്ടുണ്ട്. പയ്യന്നൂർ ബ്ലോക്ക് റിപ്പോർട്ട് തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്.

❖ കാസർഗോഡ് ജില്ലയിൽ കാറഡുക്ക, മഞ്ചേശ്വരം ബ്ലോക്ക് തല റിപ്പോർട്ടും കാഞ്ഞങ്ങാട് നഗരസഭ, കുമ്പള, എൻമകജെ ഗ്രാമപഞ്ചായത്ത് റിപ്പോർട്ടുകളും ഹരിതകേരളം മിഷൻ ജില്ലാ ഓഫീസിൽ നിന്നും തയ്യാറാക്കി നൽകിയതാണ്. എന്നാലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ റിപ്പോർട്ട് പ്രകാശനം നടത്താൻ തീയ്യതി തീരുമാനമായിട്ടില്ല.

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 28 | 111 | 234 | 409 | 741 | 0 | 0 | 0 | 0 | 174 | 140 |
| നവംബർ | 38 | 230 | 103 | 268 | 601 | 0 | 0 | 0 | 0 | 259 | 129 |
| ഡിസംബർ | 23 | 104 | 146 | 77 | 327 | 1 | 32 | 1 | 12 | 149 | 54 |
| ആകെ | 89 | 445 | 483 | 754 | 1669 | 1 | 32 | 1 | 12 | 582 | 323 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യുടെ സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 217 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - ഡിസംബർ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 158 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 158 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 114 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി ഡിസംബർ മാസത്തിൽ 99.1 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 114 ഗ്രാമപഞ്ചായത്തുകളിലായി 2448 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| ജില്ലകൾ | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് ഡിസംബർ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 1.4 | 383.08 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 13.75 | 85.43 |
| കോട്ടയം | 32 | 32 | 32 | 32 | 0 | 7.9 | 68.9 |
| ഇടുക്കി | 49 | 36 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 17 | 16 | 68.65 | 492.37 |
| പാലക്കാട് | 51 | 51 | 51 | 41 | 41 | 0 | 1173.83 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 1.5 | 3.65 |
| വയനാട് | 26 | 26 | 26 | 22 | 26 | 1.2 | 77.4 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 4.7 | 163.9 |
| ആകെ | 230 | 217 | 207 | 158 | 114 | 99.1 | 2448.56 |

❖ എറണാകുളം (68.65km), പത്തനംതിട്ട (13.75km), കോട്ടയം (7.9km), കണ്ണൂർ (4.7Km), കോഴിക്കോട് (1.5km), കൊല്ലം (1.4km), വയനാട് (1.2km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം ഡിസംബർ മാസത്തിൽ നടന്നത്.

| മാപ്പത്തോൺ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ചതോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ഒക്ടോബർ വരെ | 230 | 215 | 207 | 110 | 2121.837 |
| നവംബർ വരെ | | | | | 2349.467 |
| ഡിസംബർ വരെ | | 217 | | 114 | 2448.567 |

❖ കൊല്ലം ജില്ലയിൽ ഡിസംബർ മാസം 1.4 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 383.086 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

❖ കോട്ടയം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 31 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. ഡിസംബർ മാസം 7.9 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 31 ഗ്രാമപഞ്ചായത്തുകളിലായി 68.9 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 10 | 19 | 17 | 25 | 61 | 0 | 0 | 0 | 0 | 39 | 34 |
| നവംബർ | 5 | 3 | 31 | 50 | 84 | 0 | 0 | 1 | 20 | 167 | 944 |
| ഡിസംബർ | 4 | 11 | 18 | 29 | 58 | 0 | 0 | 0 | 0 | 21 | 9 |
| ആകെ | 19 | 33 | 66 | 104 | 203 | 0 | 0 | 1 | 20 | 227 | 987 |

❖ ഇടുക്കി ജില്ലയിൽ മാപത്തോൺ പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഗ്രാമപഞ്ചായത്തിലെ

ഗ്ലെന്മേരി വാർഡ് രണ്ടിലെ മിസ്സിംഗ് സ്ട്രീം മാപ്പിങ് നടത്തി. ഒരു സ്ട്രീമിന്റെ ട്രേസ് ലഭ്യമല്ലാത്തതിനാൽ പൂർത്തിയാക്കാതെ വന്ന സാഹചര്യത്തിലാണ് വീണ്ടും ട്രേസ് എടുക്കേണ്ടിവന്നത്.

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപം കൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

**നീരുറവ് പ്രവർത്തന പുരോഗതി - ഡിസംബർ മാസം**

| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
|---|---|---|---|---|
| തിരുവനന്തപുരം | 8 | 1959 | 1497 | 76.42% |
| കൊല്ലം | 12 | 20977 | 20977 | 100.00% |
| പത്തനംതിട്ട | 47 | 1867 | 788 | 42.21% |
| ആലപ്പുഴ | 7 | 366 | 212 | 57.92% |
| കോട്ടയം | 36 | 4932 | 4932 | 100.00% |
| ഇടുക്കി | 47 | 1272 | 1100 | 86.48% |
| എറണാകുളം | 34 | 3132 | 2168 | 69.22% |
| തൃശ്ശൂർ | 8 | 124 | 114 | 91.94% |
| പാലക്കാട് | 69 | 8813 | 8813 | 100.00% |
| മലപ്പുറം | 7 | 463 | 463 | 100.00% |
| കോഴിക്കോട് | 24 | 1111 | 510 | 45.90% |
| വയനാട് | 26 | 648 | 646 | 99.69% |
| കണ്ണൂർ | 23 | 2130 | 2130 | 100.00% |
| കാസർഗോഡ് | 5 | 500 | 495 | 99.00% |
| ആകെ | 353 | 48294 | 44845 | 92.86% |

❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 353 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

**നീരുറവ് ത്രൈമാസ വിലയിരുത്തൽ**

| നീരുറവ് പ്രവർത്തനങ്ങൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|
| ഏറ്റടുത്ത പ്രവർത്തനങ്ങൾ | 34311 | 4665 | 6573 | 2745 | 48294 |
| പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | 31372 | 4627 | 6396 | 2450 | 44845 |

❖ സംസ്ഥാനത്തെ 353 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 48294 നീരുറവു

പ്രവർത്തനങ്ങളിൽ 44845 പ്രവർത്തനങ്ങൾ (92.86%) പൂർത്തീകരിച്ചു.

- കൊല്ലം ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 20977 പ്രവൃത്തികൾ ഡിസംബർ മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 1261 പ്രവൃത്തികളാണ് ഡിസംബർ മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.
- പത്തനംതിട്ട ജില്ലയിൽ 18 കി.മീ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. ഡിസംബർ മാസത്തിൽ ഒരു കിണർ, 5 താൽക്കാലിക തടയണകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ 36 ഗ്രാമപഞ്ചായത്തുകളിലായി 4932 പ്രവൃത്തികൾ ഡിസംബർ മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ നീരുറവ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട 71 പ്രവർത്തനങ്ങൾ ഈ മാസം പൂർത്തീകരിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ ഡിസംബർ മാസത്തെ നീരുറവ് പ്രവർത്തനങ്ങളുടെ ഭാഗമായി 274.56 കി.മി നീർച്ചാലും, 1 കുളവും പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം 18 കുളങ്ങൾ, 17 കിണറുകൾ നിർമിക്കുകയും. 8 കിണറുകൾ റീച്ചാർജ് ചെയ്യുകയും ചെയ്തു.
- കണ്ണൂർ ജില്ലയിൽ. നീരുറവ് പദ്ധതിയുമായി ബന്ധപ്പെട്ട് 35.2km നീർച്ചാലും, 5 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 18 കുളങ്ങളും, 8 കിണറുകളും, 8 സ്ഥിരം തടയണയും 1 താൽക്കാലിക തടയണയും നിർമിക്കുകയും, 62 കിണറുകൾ റീച്ചാർജ് ചെയ്യുകയും ചെയ്തു.
- കാസർഗോഡ് ജില്ലയിൽ നിലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തിലാണ് പ്രധാനമായും നീരുറവ് പ്രവർത്തനങ്ങൾ പ്രാധാന്യം നൽകിയത്. ഉദുമ ഗ്രാമപഞ്ചായത്തിൽ 0.115 കി മീറ്റർ നീളത്തിൽ 1 നീർച്ചാൽ പുനരുജ്ജീവന മടിക്കൈ ഗ്രാമപഞ്ചായത്തിൽ 1 കി.മീ നീളത്തിൽ 2 നീർച്ചാൽ പുനരൂജ്ജീവനവുംവും ഉദുമ, പുല്ലൂർ പെരിയ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഓരോ പുതിയ കുളവും ഓരോ കിണറും റീചാർജ്ജ് ചെയ്തിട്ടുണ്ട്. മടിക്കൈയിൽ ഒരു കിണറും നിർമ്മിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | നീരുറവ് ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 17 | 39 | 120 | 125 | 280 | 1 | 70 | 0 | 0 | 103 | 171 |
| നവംബർ | 44 | 80 | 154 | 66 | 300 | 0 | 0 | 0 | 0 | 213 | 58 |
| ഡിസംബർ | 19 | 224 | 308 | 1586 | 2118 | 0 | 0 | 0 | 0 | 99 | 21 |
| ആകെ | 80 | 343 | 582 | 1777 | 2698 | 1 | 70 | 0 | 0 | 415 | 250 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ

നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 321 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 128 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 193 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. വിവിധ ലാബുകളിലായി 31037 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 213 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് ത്രൈമാസ അവലോകനം | | | | | | |
|---|---|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
| | | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
| തിരുവനന്തപുരം | 13 | 1,547 | 33 | 10 | 2 | 1,592 |
| കൊല്ലം | 11 | 1,213 | 11 | 14 | 18 | 1,256 |
| പത്തനംതിട്ട | 21 | 25 | 37 | 55 | 7 | 124 |
| ആലപ്പുഴ | 28 | 876 | 16 | 16 | 1 | 909 |
| കോട്ടയം | | 160 | 471 | 310 | 77 | 1,018 |
| ഇടുക്കി | 35 | 2,312 | 132 | 25 | 47 | 2,516 |
| എറണാകുളം | | 114 | 0 | 24 | 54 | 192 |
| തൃശ്ശൂർ | 54 | 18,159 | 0 | 79 | 5 | 18,243 |
| പാലക്കാട് | 10 | 214 | 4 | 1 | 1 | 220 |
| മലപ്പുറം | | | | | | |
| കോഴിക്കോട് | 29 | 1,978 | 3 | 119 | 1 | 2,101 |
| വയനാട് | | | | | | |
| കണ്ണൂർ | 21 | 1,766 | 0 | 8 | 4 | 1,778 |
| കാസർഗോഡ് | 12 | 864 | 89 | 45 | 90 | 1,088 |
| ആകെ | 234 | 29,228 | 796 | 706 | 307 | 31,037 |

- എറണാകുളം ജില്ലയിൽ ഏഴിക്കര ഗ്രാമപഞ്ചായത്ത് ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിൽ സ്ഥാപിച്ചിരിക്കുന്ന ജല പരിശോധന ലാബ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ സെന്റ് പോൾസ് ഹയർസെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ജലഗുണനിലവാര പരിശോധന ലാബിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് അംഗം നിർവഹിച്ചു.
- എറണാകുളം ജില്ലയിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൈതാരം സ്കൂളിൽ സ്ഥാപിച്ചിരിക്കുന്ന ജല പരിശോധന ലാബ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് GHSS-ൽ സ്ഥാപിച്ചിട്ടുള്ള ജലഗുണ പരിശോധന ലാബിന്റെ പ്രവർത്തന ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം നിർവഹിച്ചു
- പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് കെമിക്കലുകൾ ലഭ്യമാക്കി. ജലഗുണ നിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ 2025 ജനുവരി 22-ന് സ്കൂൾ പ്രതിനിധികളുടെയും വിദ്യാകിരണം ജില്ലാ കോർഡിനേറ്ററുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത യോഗം ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- 2019 ജൂൺ മുതൽ 2024 ഡിസംബർ വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1128.9 ഏക്കർ ആകെ വിസ്തൃതിയിൽ 3600 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. 2024 ഡിസംബർ മാസത്തിൽ മാത്രം സംസ്ഥാനത്തു 21.99 ഏക്കർ ആകെ വിസ്തൃതിയിൽ 30 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (312.21 ഏക്കർ

ആകെ വിസ്തൃതിയിൽ 205 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (217.39 ഏക്കർ ആകെ വിസ്തൃതിയിൽ 812 പച്ചതുരുത്തുകൾ).

| പച്ചത്തുരുത്ത് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | സെപ്റ്റംബർ വരെ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
| എണ്ണം | 3521 | 30 | 19 | 30 | 3600 |
| വിസ്തൃതി (ഏക്കർ) | 1062.89 | 10.01 | 34.04 | 21.99 | 1128.93 |
| റീവിസിറ്റ് | | 54 | 48 | 49 | |

- ❖ പാലക്കാട് (127.45 ഏക്കർ ആകെ വിസ്തൃതിയിൽ 338 പച്ചതുരുത്തുകൾ), മലപ്പുറം (75.89 ഏക്കർ ആകെ വിസ്തൃതിയിൽ 149 പച്ചതുരുത്തുകൾ) കൊല്ലം (76.11 ഏക്കർ ആകെ വിസ്തൃതിയിൽ 286 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- ❖ ഡിസംബർ മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ കാസർഗോഡ് ജില്ലയിലാണ് (4.79 ഏക്കർ ആകെ വിസ്തൃതിയിൽ 16 പച്ചത്തുരുത്തുകൾ). വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയിലാണ് (14 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്ത്).
- ❖ തിരുവനന്തപുരം ജില്ലയിൽ 0.37 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചത്തുരുത്തുകളും, എറണാകുളം ജില്ലയിൽ 1.14 ഏക്കർ ആകെ വിസ്തൃതിയിൽ 4 പച്ചത്തുരുത്തുകളും, തൃശ്ശൂർ ജില്ലയിൽ 1.69 ഏക്കർ ആകെ വിസ്തൃതിയിൽ 5 പച്ചത്തുരുത്തുകളും ഡിസംബർ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലകളിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ 49 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 6 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 352 തൈകൾ ആവശ്യമായി വന്നു.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 നവംബർ വരെ | | 2024 ഡിസംബർ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 ഡിസംബർ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 506 | 62.92 | 3 | 0.37 | 509 | 63.29 |
| കൊല്ലം | 286 | 76.11 | 0 | 0 | 286 | 76.11 |
| പത്തനംതിട്ട | 188 | 34.56 | 0 | 0 | 188 | 34.56 |
| ആലപ്പുഴ | 100 | 22.40 | 0 | 0 | 100 | 22.40 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 83 | 28.04 | 0 | 0 | 83 | 28.04 |
| എറണാകുളം | 146 | 20.20 | 4 | 1.14 | 150 | 21.34 |
| തൃശ്ശൂർ | 203 | 40.31 | 5 | 1.69 | 208 | 42.00 |
| പാലക്കാട് | 338 | 127.45 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.89 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 225 | 52.02 | 0 | 0 | 225 | 52.02 |
| വയനാട് | 71 | 23.36 | 0 | 0 | 71 | 23.36 |
| കണ്ണൂർ | 203 | 298.21 | 2 | 14 | 205 | 312.21 |
| കാസർഗോഡ് | 796 | 212.60 | 16 | 4.79 | 812 | 217.39 |
| ആകെ | 3570 | 1106.95 | 30 | 21.99 | 3600 | 1128.94 |

- ❖ പത്തനംതിട്ട ജില്ലയിൽ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ പച്ചത്തുരുത്ത് കളകൾ

വളർന്നു നിൽക്കുന്നത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മതിരമ്പുഴച്ചാൽ പച്ചത്തുരുത്തിൽ കണ്ടെത്തിയ പ്ലാസ്റ്റിക് വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനും, ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ❖ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് മാസം 3 പച്ചത്തുരുത്തുകൾ സന്ദർശിച്ചു. പുതിയ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിലെ നായരമ്പലം ബീച്ചിൽ ഗ്രീൻ റൂട്ട് എന്ന സംഘടനയുടെ നേതൃത്വത്തിൽ താളിപ്പരുത്തി കൊണ്ടുള്ള പച്ചത്തുരുത്ത് നിർമ്മിച്ചു.
- ❖ എറണാകുളം ജില്ലയിൽ ഡിവിഷൻ 59 കൊന്തുരുത്തി റോഡരികിൽ മാലിന്യ കൂമ്പാരം ആയിരിക്കുന്ന സ്ഥലം പച്ചത്തുരുത്തിനായി കണ്ടെത്തി.
- ❖ എറണാകുളം ജില്ലയിൽ കൊച്ചി നഗരസഭ ഡിവിഷൻ 58 ചാവറ കൾച്ചറൽ സെൻ്ററിന്റെ ഉടമസ്ഥതയിലുള്ള 2 സെന്റ് സ്ഥലത്ത് ഫലവർഷത്തൈകൾ നട്ടു പച്ചത്തുരുത്തൊരുക്കി. ഡിവിഷൻ കൗൺസിലർ മാവിൻ തൈ നട്ട് ഉദ്ഘാടനം നിർവഹിച്ചു.

| പച്ചത്തുരുത്ത് ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 48 | 109 | 171 | 358 | 637 | 0 | 0 | 0 | 0 | 200 | 486 |
| നവംബർ | 61 | 140 | 225 | 235 | 600 | 0 | 0 | 0 | 0 | 163 | 861 |
| ഡിസംബർ | 46 | 96 | 132 | 269 | 497 | 0 | 0 | 0 | 0 | 194 | 236 |
| ആകെ | 155 | 345 | 528 | 862 | 1734 | 0 | 0 | 0 | 0 | 557 | 1583 |

- ❖ തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള വാർഡ് 11 ചെക്കൻ കണ്ടം കായൽ പരിസരത്ത് ഹരിത കേരളം മിഷൻ വഴി ലഭ്യമാക്കിയ വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന കുടപ്പന തൈകളുടെ നടീൽ ഉദ്ഘാടനം നടന്നു.
- ❖ പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഖാദി ബോർഡിന്റെ സ്ഥലത്ത് പുതിയതായി സ്ഥാപിച്ച പച്ചത്തുരുത്ത് ഉദ്ഘാടനം 2025 ജനുവരി മാസത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം ഡിസംബർ മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 986 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം (247), തൃശ്ശൂർ (212), കാസർഗോഡ് (163), കണ്ണൂർ (125), പത്തനംതിട്ട (60), കൊല്ലം (59), വയനാട് (52) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2422 | 986 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

❖ എറണാകുളം ജില്ലയിൽ ലോക മണ്ണ് ദിനചാരണത്തോട് അനുബന്ധിച്ചു മണ്ണ് പര്യവേഷണ - മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിച്ച ജില്ലാ തല ഉദ്ഘടനം അനൂപ് ജേക്കബ് MLA നിർവഹിച്ചു.
❖ എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭയിൽ 1, 2, 13, 26 എന്നീ വാർഡുകളിലായി ഹരിത സമൃദ്ധി വാർഡ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് മൂന്നര ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിച്ചു.
❖ തൃശ്ശൂർ ജില്ലയിൽ 211 വാർഡുകളിലെ 100 % വീടുകളിലും തൈകൾ, വിത്തുകൾ എന്നിവ വിതരണം നടത്താൻ സാധിച്ചു.
❖ തൃശ്ശൂർ ജില്ലയിൽ തോളൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായി സഹകരിച്ച് ഹരിത സമൃദ്ധി വാർഡ് പ്രവർത്തനങ്ങൾ നടത്തി. 517 വീടുകളിലേക്കുള്ള പച്ചമുളക്, തക്കാളി, വെണ്ട കൊത്തമര, ഹൈബ്രിഡ് വിത്തുകൾ എന്നിവ കൈമാറി. ഗ്രോ ബാഗുകൾ പൂർണമായും ഒഴിവാക്കി.
❖ പാലക്കാട് ജില്ലയിൽ 2025 ജനുവരി 5 നു തൃത്താല മണ്ഡലത്തിൽ സുസ്ഥിര തൃത്താലയുമായി ചേർന്ന് കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന തല ഉദ്ഘാടന പരിപാടിയുടെ സംഘാടക സമിതി യോഗം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷതയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

### 8.1 തെങ്ങിന് തടം മണ്ണിന് ജലം – ക്യാമ്പയിൻ

❖ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ബ്ലോക്ക് തല ഉദ്ഘാടനം ചെറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തെങ്ങിന് തടം എടുത്തു കൊണ്ട് നിർവഹിച്ചു. ആദ്യദിനം 37 തെങ്ങിന് തടമെടുത്തു. തുടർന്നുള്ള ദിവസങ്ങളിൽ വാർഡിലെ വിവിധ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് തീരുമാനം.

| പ്രവർത്തനം നടന്ന മാസം | കാർഷിക മേഖലയിലെ ഇടപെടലുകൾ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 28 | 73 | 89 | 232 | 368 | 0 | 0 | 0 | 0 | 106 | 395 |
| നവംബർ | 44 | 101 | 246 | 161 | 508 | 1 | 108 | 0 | 0 | 176 | 751 |
| ഡിസംബർ | 42 | 131 | 226 | 268 | 625 | 0 | 0 | 4 | 165 | 165 | 395 |
| ആകെ | 114 | 305 | 561 | 661 | 1501 | 1 | 108 | 4 | 165 | 447 | 1541 |

❖ പാലക്കാട് ജില്ലയിൽ നെന്മാറ, ആലത്തൂർ, കുഴൽമന്ദം, ചിറ്റൂർ എന്നീ 4 ബ്ലോക്കുകളിൽ ബ്ലോക്ക് തല ഉദ്ഘാടനം നടത്തി ക്യാമ്പയിൻ പ്രവർത്തനം നടന്നു വരുന്നു. നെന്മാറ ബ്ലോക്കിലെ നെന്മാറ ഗ്രാമപഞ്ചായത്തിലെ 11 - ആം വാർഡിലെ 16 തെങ്ങിനും 1 – ആം വാർഡിലെ 13 തെങ്ങിനും തടമെടുത്തു. ആകെ 29 തെങ്ങുകൾക്ക് നെന്മാറ പഞ്ചായത്തിൽ നാളിതു വരെ തടമെടുത്തിട്ടുണ്ട്.
❖ കാസർഗോഡ് ജില്ലയിൽ തെങ്ങിന് തടം മണ്ണിന് ജലം കാമ്പയിൻ 38 ഗ്രാമപഞ്ചയാത്തുകളിലും 3 മുൻസിപ്പാലിറ്റികളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൃഷി വകുപ്പിൽ നിന്നും 814646 തെങ്ങുകൾക്ക് തടമെടുത്തതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 9. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി

ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് നടപ്പിലാക്കി വരുന്നത്.

- ❖ ഡിസംബർ മാസത്തിൽ 975.894 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 3,285.823 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 68.365 ടൺ ലെഗസി മാലിന്യങ്ങളും, 25.522 ടൺ ഇ-മാലിന്യങ്ങളും, 226869 ടൺ ചില്ല് മാലിന്യവും 121.711 ടൺ തുണി മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്ക്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 97.04 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 35 റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

## 10. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ ഡിസംബർ മാസത്തിൽ നടന്നിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത പ്രഖ്യാപനങ്ങൾ എന്നിവ നടന്നു വരുന്നു.

**മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ**

| പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തത് | പ്രഖ്യാപനം നടത്തിയത് | | | ശതമാനം |
|---|---|---|---|---|---|
| | | ഒക്ടോബർ വരെ | നവംബർ വരെ | ഡിസംബർ വരെ | |
| ടൗൺ | 2279 | | 470 | 785 | 31% |
| മാർക്കറ്റ് / പൊതുസ്ഥലം | 1709 | | 323 | 722 | 35% |
| അയൽക്കൂട്ടങ്ങൾ | 306273 | | 111411 | 169238 | 55.72% |
| ഹരിത വിദ്യാലയങ്ങൾ | 14397 | 7005 | 7297 | 10816 | 74% |
| ഹരിത കലാലയങ്ങൾ | 1345 | 203 | 440 | 767 | 54% |
| ഹരിതസ്ഥാപനങ്ങൾ | 52488 | 18561 | 18098 | 23856 | 46% |
| ഹരിത ടൂറിസം | 431 | | 45 | 66 | 15.10 |

- ❖ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവമാണ് ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത സ്ഥാപനം എന്നിവ പ്രഖ്യാപിക്കുന്നതിനുള്ള തടസ്സം. ഹരിത വിദ്യാലയം, ഹരിത കലാലയം ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങളിലെ ഗ്യാപ് പരിഹരിക്കുന്നതിന് ജോയിന്റ് ഡയറക്ടർ മുഖേന തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ പ്രോജക്റ്റ് പ്രകാരം മാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കി ഗ്യാപ് പരിഹരിച്ച് ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ ഇതുവരെ നടന്നുവന്ന പ്രവർത്തനങ്ങളുടെ അവലോകനവും ഭാവി കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി ജില്ലാതല നിർവഹണസമിതി യോഗം ഡിസംബർ മാസത്തിൽ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹോളിൽ വച്ച് ചേർന്നു.
- ❖ ആലപ്പുഴ ജില്ലയിൽ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച ശുചിത്വ ഗ്രാമസഭയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരേസമയം സംഘടിപ്പിച്ച ഗ്രാമസഭയിൽ 2025 മാർച്ച് 30ന് മാലിന്യമുക്ത സംസ്ഥാനമായിട്ട് പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ക്ലസ്റ്റർ, വാർഡ് തല

സമിതികൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി ജനുവരി 26ന് 100% യൂസർ ശേഖരണം എന്ന ഒന്നാംഘട്ട ലക്ഷ്യം പൂർത്തീകരിക്കും.

- ❖ കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക്, പൈവളിഗെ, കാറഡുക്ക, ബളാൽ, മടിക്കൈ, പള്ളിക്കര, ചെറുവത്തൂർ, കയ്യൂർ ചീമേനി, പിലിക്കോട്, വലിയപറമ്പ, പടന്ന എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡിസംബർ മാസം നിർവഹണസമിതി യോഗങ്ങൾ ചേർന്നിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽപെടുത്തി മുളിയാർ ഗ്രാമപഞ്ചായത്തിലെ പൊവ്വലിൽ നിർമ്മിച്ച ടേക് എ ബ്രേക്കിന്റെ ഉദ്ഘാടനം ചെയ്തു. മാലിന്യമുക്തം ക്യാമ്പയിനിന്റെ പ്രവർത്തന ഭാഗമായാണ് ടേക് എ ബ്രേക്ക് പണി പൂർത്തിയാക്കിയത്.

### 10.1 ഹരിത സുന്ദര ടൗൺ, മാർക്കറ്റ് / പൊതുസ്ഥലം

- ❖ ജനുവരി മാസത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്ത എല്ലാ ടൗണുകളെയും മാലിന്യമുക്തമാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു. കൂടാതെ ഡിസംബർ മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത എല്ലാ പൊതുസ്ഥലം, മാർക്കറ്റ് എന്നിവ ശുചീകരിച്ച് ശുചിത്വ കേന്ദ്രമായി പ്രഖ്യാപിക്കും എന്നും ലക്ഷ്യം വച്ചിരുന്നു.
- ❖ ആകർഷകമായ രീതിയിൽ ചെടികൾ സ്ഥാപിച്ച് സൗന്ദര്യവത്കരണം നടത്തുകയും ശുചിത്വമുള്ളതായി നിലനിർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത മുഴുവൻ ടൗണുകളിലും നടന്നുവരുന്നു. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 44 | 15 | 149 | 34 |
| കൊല്ലം | 162 | 61 | 73 | 61 |
| പത്തനംതിട്ട | 68 | 27 | 63 | 24 |
| ആലപ്പുഴ | 78 | 20 | 83 | 19 |
| കോട്ടയം | 89 | 32 | 77 | 27 |
| ഇടുക്കി | 356 | 147 | 164 | 78 |
| എറണാകുളം | 193 | 12 | 318 | 169 |
| തൃശൂർ | 587 | 206 | 294 | 127 |
| മലപ്പുറം | 350 | 39 | 44 | 14 |
| പാലക്കാട് | 130 | 78 | 106 | 32 |
| കോഴിക്കോട് | 117 | 23 | 119 | 22 |
| വയനാട് | 60 | 10 | 140 | 32 |
| കണ്ണൂർ | 243 | 98 | 248 | 33 |
| കാസർഗോഡ് | 34 | 17 | 182 | 50 |
| TOTAL | 2511 | 785 | 2060 | 722 |

- ❖ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യം വച്ചിട്ടുള്ള ടൗൺ/പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും എന്നിവയുടെ ടാർജറ്റിന്റെ എണ്ണം മാസംതോറും മാറി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സമിതികൾ സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ ടൗണുകൾ പൊതു സ്ഥലങ്ങൾ ഹരിത പ്രവർത്തനങ്ങൾക്കായി വ്യാപിപ്പിക്കുന്നതു കാരണമാണ് ടാർജറ്റ് മാറി വരുന്നത്.
- ❖ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ചെറുതും വലുതുമായ 2511 ടൗണുകളെ/കവലകളെ/പ്രദേശങ്ങളെ ശുചീകരിച്ച്, സൗന്ദര്യവൽക്കരിച്ച് ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഇത് കൂടാതെ 2060 പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റുകളും ശുചീകരണ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ഹരിതകേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. തിരഞ്ഞെടുത്ത എല്ലാ ടൗണുകൾ / കവലകൾ / പൊതു സ്ഥലങ്ങൾ / മാർക്കറ്റുകൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.
- നിലവിൽ 785 ടൗണുകളെയും 722 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി ഡിസംബർ മാസത്തിൽ പ്രഖ്യാപിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി പ്രഖ്യാപനം നടത്താൻ ആവശ്യമായ മാർഗ്ഗരേഖയും അസ്സെസ്സ്മെന്റ് ഫോമും ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയും ടൗണുകൾ മാലിന്യമുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥലത്തെ രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി തൊഴിലാളികൾ, യുവജനങ്ങൾ, ഗ്രന്ഥശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടൗണുകളെ തിരെഞ്ഞെടുത്തതും നിലവിൽ ഹരിത ടൗണുകളായി പ്രഖ്യാപിച്ചതും തൃശ്ശൂർ ജില്ലയിലാണ് (587 ടൗണുകളെ തിരെഞ്ഞെടുക്കുകയും 206 ടൗണുകളെ ഡിസംബർ മാസം വരെ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്).
- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും തിരെഞ്ഞെടുത്തതും നിലവിൽ ശുചിത്വ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും പ്രഖ്യാപിച്ചതും എർണാകുളം ജില്ലയിലാണ് (318 പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും തിരെഞ്ഞെടുക്കുകയും 169 പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും ഡിസംബർ മാസം വരെ ശുചിത്വ പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റുംകളായി പ്രഖ്യാപിച്ചിട്ടുണ്ട്).
- തിരുവനന്തപുരം ജില്ലയിൽ ഡിസംബർ മാസം വരെ 15 ടൗണുകളെയും 34 മാർക്കറ്റുകൾ/പൊതു സ്ഥലങ്ങൾ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ 61 ടൗണുകളും 61 മാർക്കറ്റ് / പൊതുസ്ഥലങ്ങളും ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഡിസംബർ മാസം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ മോദിമുക്ക് ശുചീകരണം നടത്തുകയും പൂച്ചട്ടികൾ വെച്ച് ഭംഗി വരുത്തുകയും ചെയ്തു. ചടയമംഗലം ഗ്രാമപഞ്ചായത്തിൽ കല്ലടത്തണ്ണി സ്മാരകത്തിനു സമീപതുള്ള പ്രദേശം വൃത്തിയാക്കി ചെടികൾ നട്ടുപിടിപ്പിച്ചു. വെളിയം ഗ്രാമപഞ്ചായത്തിലെ ഓടനാവട്ടം ജംഗ്ഷൻ, വെളിയം ടൗൺ എന്നിവിടങ്ങളിലും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടന്നു.
- പത്തനംതിട്ട ജില്ലയിൽ 27 ടൗണുകൾ ഹരിത ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലായിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതും IEC ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- പത്തനംതിട്ട ജില്ലയിൽ 24 മാർക്കറ്റുകൾ / പൊതുസ്ഥലങ്ങൾ ഹരിതമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ഇടുക്കി ജില്ലയിൽ 147 ടൗണുകളെ ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കുകയും, 78 പൊതുസ്ഥലങ്ങൾ സൗന്ദര്യവത്ക്കരണം നടത്തുകയും ചെയ്തു. ഹരിത സുന്ദര ടൗണുകൾ, പൊതുസ്ഥലങ്ങൾ ആയി ബന്ധപെട്ടു ഗ്രാമപഞ്ചായത്തു തലത്തിൽ യോഗം ചേർന്നു വിലയിരുത്തൽ നടത്തിയിട്ടുണ്ട്.
- എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ശുചിത്വ ബോധവൽകരണം ലക്ഷമിട്ടുള്ള “ശുചിത്വ പദയാത്ര” 23 വാർഡുകളിലൂടെ കടന്നു പോകുയും, ജനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടത്തിയ ശുചിത്വ പദയാത്ര മുനമ്പം ഹാർബറിൽ വച്ച് ജില്ലാപഞ്ചായത്ത് അംഗം ഉദ്ഘാടനം ചെയ്തു.
- തൃശ്ശൂർ ജില്ലയിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നടന്ന ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. എരുമപ്പെട്ടി ടൗണിലുള്ള പ്രധാനപ്പെട്ട 6 കവലകളാണ് ശുചീകരിച്ചത്. പ്രസ്തുത പരിപാടിയിൽ NSS വിദ്യാർത്ഥികൾ, ഹരിത കർമ്മ സേന അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടന പ്രവർത്തകർ, ഹരിത

കേരളം മിഷൻ ആർ പി ഉൾപ്പെടെ 130 ഓളം പേർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. കുണ്ടന്നൂർ ചുങ്കം സെന്റർ, കാഞ്ഞിരക്കോട്, നെല്ലുവായ് സെന്റർ, മുട്ടിക്കൽ, കടങ്ങോട് സെന്റർ, കരിവന്നൂർ തുടങ്ങിയ കേന്ദ്രങ്ങളാണ് വൃത്തിയാക്കിയത്.

❖ തൃശ്ശൂർ ജില്ലയിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് വാർഡ് 12 സുജിത്ത് സെന്റർ, വാർഡ് 14 താണി വളവ് സെന്റർ എന്നിവ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പരിസരവാസികളുടെ പങ്കാളിത്തത്തോടെ ശുചീകരണം നടത്തി. മേലൂർ ഗ്രാമപഞ്ചായത്ത് യൂണിയൻ ഹയർ സെക്കൻഡറി സ്കൂൾ അന്നനാടിന്റെ നേതൃത്വത്തിൽ മേലൂർ ടൗൺ ഏരിയയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്ത് കാര്യാലയം വൃത്തിയാക്കുകയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുവർ ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തിട്ടുണ്ട്.

❖ മലപ്പുറം ജില്ലയിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ ഹരിത സുന്ദര ടൗൺ പ്രവർത്തനത്തിന്റെ ആദ്യഘട്ട ശുചീകരണ യജ്ഞത്തിൽ മലബാർ കോളേജിലെ NSS യൂണിറ്റിലെ വിദ്യാർത്ഥികളും, ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഹരിത കർമ്മ സേനാംഗങ്ങളും പങ്കാളികളായി.

❖ മലപ്പുറം ജില്ലയിൽ എടക്കര ഗ്രാമപഞ്ചായത്തിൽ ഹരിത ടൗൺ ആക്കുന്നതിന്റെ ഭാഗമായി ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ പാലേമാട് സ്കൂൾ NSS വിദ്യാർത്ഥികൾ, SPC വിദ്യാർത്ഥികൾ, സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾ, പഞ്ചായത്ത് ശുചീകരണ പ്രവർത്തകർ, ഹരിത കർമ്മ സേന അംഗങ്ങൾ എന്നിവർ സംയുക്തമായി ശുചീകരണ പ്രവർത്തനം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഉദ്ഘാടനം ചെയ്ത പരുപാടിയിൽ 200 ഓളം പേർ പങ്കെടുത്തു.

❖ കോഴിക്കോട് ജില്ലയിൽ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബ്ലോക്ക് പരിധിയിൽ പക്രംതളം ചുരം മുതൽ കുളങ്ങരത്ത് വരെയുള്ള സംസ്ഥാന പാതയുടെ 24 കി.മീ ദൂരം ശുചിത്വപൂർണമാക്കാനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ ആദ്യഘട്ടം സർവ്വേ / പഠനം നടത്തുകയും, കണ്ടെത്തിയ പ്രശ്നങ്ങൾ പഞ്ചായത്ത് സെക്രട്ടറിമാർക്ക് റിപ്പോർട്ട് കൊടുക്കുകയും സെക്രട്ടറിമാരുടെ ഇടപെടലിനെ തുടർന്ന് മാലിന്യങ്ങൾ / മരങ്ങൾ / വാഹനങ്ങൾ നീക്കം ചെയ്യാനുള്ള പ്രവർത്തനം നടന്നുവരുന്നു. വിവിധ റീച്ചുകളാക്കി തിരിച്ച് ബസ് സ്റ്റോപ്പുകൾ ഉൾപ്പെടെ സൗന്ദര്യവൽക്കരണം പദ്ധതിയുടെ ഭാഗമായുണ്ട്. എല്ലാ ബസ് സ്റ്റോപ്പുകളും പദ്ധതിയുടെ ഭാഗമായി മാപ് ചെയ്തിട്ടുണ്ട്. സംസ്ഥാന പാത കടന്നു പോകുന്ന നാല് പഞ്ചായത്തുകളിലും സംഘാടകസമിതികൾ വിളിച്ചുചേർക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| നവംബർ | 272 | 662 | 1064 | 1875 | 3601 | 0 | 0 | 0 | 0 | 1846 | 9517 |
| ഡിസംബർ | 265 | 1067 | 1195 | 1133 | 3395 | 0 | 0 | 2 | 80 | 2915 | 15499 |
| ആകെ | 537 | 1729 | 2259 | 3008 | 6996 | 0 | 0 | 2 | 80 | 4761 | 25016 |

❖ വയനാട് ജില്ലയിൽ എടവക ഗ്രാമപഞ്ചായത്തിലെ ദ്വാരക, നാലാം മൈലിൽ ശുചിത്വ പരേഡ് സംഘടിപ്പിച്ചു. മാനന്തവാടി NSS യൂണിറ്റ് വിദ്യാർഥികളും വ്യാപാരി വ്യവസായി പ്രതിനിധികളും, പൊതുജനങ്ങളും, ഹരിത കർമ സേന അംഗങ്ങളും ബോധവത്കരണ ശുചീകരണ ക്യാമ്പയിനിൽ പങ്കാളികളായി. അജൈവ മാലിന്യ ശേഖരണത്തിന് വ്യാപാരികൾക്കായി സെഗ്രഗേഷൻ ബിൻ വിതരണ ഉദ്ഘാടനവും നടത്തി. തുടർന്ന് ടൗൺ ശുചീകരണവും നടത്തി.

❖ വയനാട് ജില്ലയിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പെരിക്കല്ലൂർ ടൗൺ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരിപാടി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് മെമ്പർമാർ, വ്യാപാരി വ്യവസായികൾ, ഓട്ടോ തൊഴിലാളികൾ, പ്രദേശവാസികൾ, ഹരിതകർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

❖ വയനാട് ജില്ലയിൽ ജില്ലാതല പ്രഖ്യാപനത്തിന് മുന്നോടിയായി ഹരിത ടൗൺ പ്രഖ്യാപനം തീരുമാനിച്ച

കാട്ടിക്കുളം ടൗണിൽ ജനകീയ പങ്കാളിത്തത്തോടെ ശുചീകരണം നടന്നു

- ❖ കാസർഗോഡ് ജില്ലയിൽ പുതിയതായി 34 ഹരിത ടൗൺ പ്രവർത്തങ്ങൾക്കായി തിരഞ്ഞെടുക്കുകയും 17 എണ്ണം ഹരിത ടൗണായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിലെ കയ്യൂർ ടൗണിനെ മാലിന്യമുക്തമാക്കി സൗന്ദര്യവൽക്കരിക്കുന്നതിന് ചന്തമുള്ള ചീമേനി" എന്ന ജനകീയ ക്യാമ്പയിന് തുടക്കമായി.

### 10.2 ഹരിത അയൽക്കൂട്ടങ്ങൾ

ഡിസംബർ മാസത്തിൽ 25 ശതമാനം ഹരിത അയൽക്കൂട്ടങ്ങളായി മാറ്റണം എന്ന് ലക്ഷ്യം വച്ചിരുന്നു. നിലവിൽ 55.72% അയൽക്കൂട്ടങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്.

സംസ്ഥാനത്തെ 303728 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 169238 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽകൂട്ട പദവിക്ക് അർഹമായിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രേഡിങ് നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുത്തത്. ശുചിത്വം മാത്രം മാനദണ്ഡമാക്കിയുള്ള വിലയിരുത്തലാണ് കുടുംബശ്രീ ഇതിനായി നടത്തിയത്.

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 30687 | 13402 | 43.67% |
| കൊല്ലം | 27115 | 17,772 | 65.54% |
| പത്തനംതിട്ട | 10209 | 3,951 | 38.70% |
| ആലപ്പുഴ | 22666 | 12630 | 55.72% |
| കോട്ടയം | 15664 | 7066 | 45.11% |
| ഇടുക്കി | 11835 | 4889 | 41.31% |
| എറണാകുളം | 25485 | 13310 | 52.23% |
| തൃശ്ശൂർ | 25938 | 20957 | 80.80% |
| മലപ്പുറം | 30368 | 21990 | 72.41% |
| പാലക്കാട് | 34160 | 8524 | 24.95% |
| കോഴിക്കോട് | 27588 | 14429 | 52.30% |
| വയനാട് | 9830 | 5788 | 58.88% |
| കണ്ണൂർ | 20003 | 14478 | 72.38% |
| കാസർഗോഡ് | 12180 | 10052 | 82.53% |
| ആകെ | 303728 | 169238 | 55.72% |

- ❖ സംസ്ഥാനത്ത് തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നി ജില്ലകൾ 70% അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | ഹരിത അയൽക്കൂട്ടങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| നവംബർ | 345 | 1096 | 1510 | 2956 | 5562 | 2 | 76 | 7 | 957 | 2138 | 4042 |
| ഡിസംബർ | 133 | 489 | 470 | 655 | 1614 | 0 | 0 | 4 | 316 | 988 | 865 |
| ആകെ | 478 | 1585 | 1980 | 3611 | 7176 | 2 | 76 | 11 | 1273 | 3126 | 4907 |

- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ അയൽക്കൂട്ടങ്ങളെ (72.41%) ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റിയത് മലപ്പുറം ജില്ലയാണ്. 130368 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 21990 അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി മാറ്റിയിട്ടുണ്ട്.

❖ കൂടാതെ തൃശ്ശൂർ ജില്ല 25938 അയൽക്കൂട്ടങ്ങൾ ഉള്ളതിൽ 20957 അയൽക്കൂട്ടങ്ങളെ (80.80%) ഹരിത അയൽക്കൂട്ടങ്ങളായി മാറ്റിയിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | ഹരിത അയൽക്കൂട്ടങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| നവംബർ | 345 | 1096 | 1510 | 2956 | 5562 | 2 | 76 | 7 | 957 | 2138 | 4042 |
| ഡിസംബർ | 133 | 489 | 470 | 655 | 1614 | 0 | 0 | 4 | 316 | 988 | 865 |
| ആകെ | 478 | 1585 | 1980 | 3611 | 7176 | 2 | 76 | 11 | 1273 | 3126 | 4907 |

## 10.3 ഹരിത സ്ഥാപനങ്ങൾ

ഡിസംബർ മാസത്തിൽ എല്ലാ ജില്ലകളിലും മുഴുവൻ സ്ഥാപനങ്ങളെയും ഹരിത സ്ഥാപനമായി മാറ്റണം എന്ന് ലക്ഷ്യം നൽകിയിരുന്നു. ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 51870 സ്ഥാപനങ്ങളിൽ നിന്നും 23856 സ്ഥാപനങ്ങളെ വിലയിരുത്തി ഹരിത സ്ഥാപന പദവിക്ക് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 46% സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങളുടെ എണ്ണം | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4213 | 1413 | 34% |
| കൊല്ലം | 4503 | 2,961 | 66% |
| പത്തനംതിട്ട | 2391 | 1,104 | 46% |
| ആലപ്പുഴ | 1200 | 1120 | 93% |
| കോട്ടയം | 4783 | 2375 | 50% |
| ഇടുക്കി | 3478 | 632 | 18% |
| എറണാകുളം | 4499 | 1051 | 23% |
| തൃശൂർ | 6401 | 4405 | 69% |
| പാലക്കാട് | 1701 | 957 | 56% |
| മലപ്പുറം | 5124 | 1661 | 32% |
| കോഴിക്കോട് | 5709 | 1728 | 30% |
| വയനാട് | 958 | 666 | 70% |
| കണ്ണൂർ | 4659 | 2426 | 52% |
| കാസർഗോഡ് | 2251 | 1357 | 60% |
| ആകെ | 51870 | 23856 | 46% |

❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.

❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ, ബി, നോ ഗ്രേഡ് എന്നിങ്ങനെയാണ്

ഗ്രേഡിംഗ് നൽകിയത്.

- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച് മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.

| പ്രവർത്തനം നടന്ന മാസം | ഹരിത വിദ്യാലയങ്ങൾ/ കലാലയങ്ങൾ/ ഹരിതസ്ഥാപനങ്ങൾ- പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| നവംബർ | 1498 | 1494 | 4862 | 4086 | 10442 | 2 | 162 | 20 | 882 | 7709 | 16282 |
| ഡിസംബർ | 974 | 1034 | 3953 | 2209 | 7196 | 2 | 96 | 31 | 1149 | 10076 | 15153 |
| ആകെ | 2472 | 2528 | 8815 | 6295 | 17638 | 4 | 258 | 51 | 2031 | 17785 | 31435 |

- ❖ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ 50% മുകളിൽ ഹരിത സ്ഥാപന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ സ്ഥാപനങ്ങളെ (88%) ഹരിത സ്ഥാപനങ്ങളായി മാറ്റിയത് തൃശ്ശൂർ ജില്ലയാണ്. തൃശ്ശൂർ ജില്ല തിരഞ്ഞെടുത്ത 6401 സ്ഥാപനങ്ങളിൽ 4405 സ്ഥാപനങ്ങളെ (69%) ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ല തിരഞ്ഞെടുത്ത 4503 സ്ഥാപനങ്ങളിൽ 2961 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ അകെ 1200 സർക്കാർ ഓഫീസുകളാണ് ടാർഗറ്റ് ചെയ്തിരിക്കുന്നത് (ബാങ്ക്, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല). ആയതിൽ 93 ശതമാനവും 1120 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുവാൻ സാധിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ഡിസംബർ മാസം വരെ 1680 ഓഫീസുകളെ ഹരിത ഓഫീസ് ആയി പ്രഖ്യാപിച്ചു. 48% മാത്രമേ ഇതുവരെ പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുള്ളൂ.
- ❖ ഇടുക്കി ജില്ലയിൽ മുട്ടം ജില്ലാ കോടതി കോംപ്ലക്സിന് ഹരിത സ്ഥാപനമായി മാറുന്നതിനു ജില്ലാ ജഡ്ജി അധ്യക്ഷതയിൽ ഹരിത സ്ഥാപന പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗം കൂടി.
- ❖ ഇടുക്കി ജില്ലയിൽ "ഇനി ഞാൻ ഒഴുകട്ടെ" ജില്ലാ തല ഉദ്ഘാടന പരിപാടിയിൽ ഹരിത വിദ്യാലയ, സ്ഥാപന പ്രഖ്യാപനവും നടന്നു. മാതൃക ഹരിത കലാലയത്തിനുള്ള സർട്ടിഫിക്കറ്റ് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ശാന്തൻപാറ പ്രിൻസിപ്പാൾ ഉടുമ്പൻചോല MLA-യുടെ പക്കൽ നിന്നും ഏറ്റുവാങ്ങി.
- ❖ ഇടുക്കി ജില്ലയിൽ ആയുഷ് ഹോമിയോപതി വകുപ്പിനു കീഴിലുള്ള വിവിധ ഹോമിയോ ആശുപത്രി ഡിസ്പെൻസറികളിലെ ഉദ്യോഗസ്ഥരുടെ യോഗം തൊടുപുഴയിൽ നടന്നു.
- ❖ എറണാകുളം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളും അങ്കണവാടികളും ഗ്രേഡ് ചെയ്യുകയും ഡിസംബർ മാസം 63 സ്ഥാപനങ്ങളുടെ അസ്സെസ്മെന്റ് പൂർത്തീകരിക്കുകയും, 12 സ്ഥാപനങ്ങൾക്കു ഹരിത സർട്ടിഫിക്കറ്റ് നൽകി ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു. ജില്ലയിൽ ആകെ 1051 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കി.
- ❖ മിനി സിവിൽ സ്റ്റേഷൻ ഗ്രേഡിങ് : എറണാകുളം ജില്ലയിലെ 10 മിനി സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ നിലവിലെ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ

വിശകലനം ചെയ്യുന്നതിന് ഹരിത ഗ്രേഡിങ് നടത്തി. ആകെ 146 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമേ ഹരിത പദവിയിൽ എത്തിയിട്ടുള്ളൂ.

- ❖ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപറേഷനിൽ സംഘടിപ്പിച്ച വിദ്യാലയങ്ങളുടെയും, സ്ഥാപനങ്ങളുടെയും, കലാലങ്ങളയുടെയും, അയൽക്കൂട്ടങ്ങളുടെയും ഹരിത പദവി പ്രഖ്യാപനം തൃശ്ശൂർ കോർപറേഷൻ മേയർ എം കെ വർഗീസ് ഉദ്ഘാടനം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര സെൻട്രൽ ഓഡിറ്റോറിയത്തിൽ വച്ച് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും, മാടക്കത്തറ, നടത്തറ, പുത്തൂർ, പാണഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും ഹരിതപദവി പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 100% വിദ്യാലയങ്ങളും 100% കലാലയങ്ങളും 50 ശതമാനത്തിൽ കൂടുതൽ സ്ഥാപനങ്ങളുടെയും ഹരിത പദവി പ്രഖ്യാപനം ചേലക്കര നിയോജകമണ്ഡലം എംഎൽഎ യു ആർ പ്രദീപ് ഉദ്ഘാടനം ചെയ്തു.
- ❖ മലപ്പുറം ജില്ലയിൽ 5124 സ്ഥാപനങ്ങളിൽ 3155 സ്ഥാപനങ്ങളെ അസ്സെസ്സ്മെന്റ് പൂർത്തിയായി. ഇതിൽ 1661 സ്ഥാപനങ്ങൾ ഹരിത പദവി കരസ്ഥമാക്കിയ.
- ❖ വയനാട് ജില്ലയിൽ ആകെയുള്ള 958 സ്ഥാപനങ്ങളിൽ 799 സ്ഥാപനങ്ങളുടെ പരിശോധന പൂർത്തീകരിക്കുകയും ആയതിൽ 70 ശതമാനവും (666 സ്ഥാപനങ്ങളെ) ഹരിത സ്ഥാപനങ്ങളായി മാറ്റുവാൻ സാധിച്ചു.
- ❖ വയനാട് ജില്ലയിൽ ഹരിത ഓഫീസ്, ഹരിത വിദ്യാലയം, ഹരിത അയൽകൂട്ടം, ഹരിത ടൗൺ ജില്ലാതല പ്രഖ്യാപനം ഡിസംബർ മാസം തിരുനെല്ലി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ.കേളു നിർവഹിച്ചു. ചടങ്ങിൽ എ+, എ ഗ്രേഡ് നേടിയ ഹരിത ഓഫീസ്, ഹരിത വിദ്യാലയം, ഹരിത അയൽകൂട്ടം എന്നിവയ്ക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. പങ്കാളിത്തം - 247.
- ❖ കാസർഗോഡ് ജില്ലയിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾക്കു പുറമെ പ്രൊഫഷണൽ ടാക്സ് രജിസ്ട്രർ പ്രകാരമുള്ളതും നിലവിലുള്ളതുമായ സ്ഥാപനങ്ങളെ പട്ടികപ്പെടുത്തിയപ്പോൾ 2901 സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിലയിരുത്തൽ നടത്തിയപ്പോൾ 1557 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി നേടി (2025 ജനുവരി 5 വരെയുള്ള കണക്ക്). ജനുവരി 26-ന് മുൻപേ എല്ലാ ഓഫീസുകളും പൂർണമായും ഹരിതസ്ഥാപനമാകും.

### 10.4 ഹരിത വിദ്യാലയം, ഹരിത കലാലയം

ഡിസംബർ മാസത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലേയ്ക്കും 100% സ്കൂൾ/കോളേജുകളെ ഹരിതസ്ഥാപനം, വിദ്യാലയം/കലാലയം പദവിയിലെത്തിക്കണം എന്ന് ലക്ഷ്യം വച്ചിരുന്നു.

- ❖ സംസ്ഥാനത്ത് ആകെയുള്ള 14566 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിലയിരുത്തൽ നടത്തിയതിൽ 10816 വിദ്യാലയങ്ങൾ ഹരിത വിദ്യാലയം എന്ന പദവി നേടി. നിലവിൽ 74% വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായിട്ടുണ്ട്.
- ❖ ഡിസംബർ മാസം വരെ കൊല്ലം, കോട്ടയം, തൃശ്ശൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ 90% മുകളിൽ ഹരിത വിദ്യാലയങ്ങൾ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ വിദ്യാലയങ്ങളെ (88%) ഹരിത വിദ്യാലയങ്ങളായി മാറ്റിയത് മലപ്പുറം ജില്ലയാണ്. 1606 വിദ്യാലയങ്ങൾ ഉള്ളതിൽ 1419 വിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റിയിട്ടുണ്ട്
- ❖ സംസ്ഥാനത്തെ 1418 കോളേജുകളിൽ വിലയിരുത്തൽ നടത്തി 767 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 54 % കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.
- ❖ ഡിസംബർ മാസം വരെ കൊല്ലം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകൾ 80% മുകളിൽ ഹരിത കലാലയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തു ഏറ്റവും കൂടുതൽ കലാലയങ്ങളെ ഹരിത കലാലയങ്ങളായി മാറ്റിയത് കോട്ടയം

ജില്ലയാണ്. 154 കലാലയങ്ങൾ ഉള്ളതിൽ 110 കലാലയങ്ങളെ ഹരിത കലാലയങ്ങളായി (71%) മാറ്റിയിട്ടുണ്ട്.

- ❖ പത്തനംതിട്ട ജില്ലയിൽ 24 ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ വടകര നഗരസഭ, അഴിയൂർ, ചോറോട്, ഏറാമല, ഒഞ്ചിയംവളയം, കായക്കൊടി, കാവിലുംപാറ, കീഴരിയൂർ, ചക്കിട്ടപ്പാറ, അരിക്കുളം, കക്കോടി, നരിക്കുന്നി, തലക്കുളത്തൂർ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകൾ 100% ഹരിത വിദ്യാലയ പദവി കൈവരിച്ചിട്ടുണ്ട്.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതവിദ്യാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിത കലാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 1202 | 687 | 57% | 144 | 46 | 32% |
| കൊല്ലം | 1213 | 1,170 | 96% | 118 | 106 | 90% |
| പത്തനംതിട്ട | 772 | 653 | 85% | 51 | 23 | 45% |
| ആലപ്പുഴ | 765 | 513 | 67% | 30 | 19 | 63% |
| കോട്ടയം | 1121 | 1008 | 90% | 154 | 110 | 71% |
| ഇടുക്കി | 544 | 402 | 74% | 65 | 32 | 49% |
| എറണാകുളം | 975 | 318 | 33% | 112 | 28 | 25% |
| തൃശ്ശൂർ | 1270 | 1208 | 95% | 115 | 98 | 85% |
| പാലക്കാട് | 1004 | 602 | 60% | 63 | 55 | 87% |
| മലപ്പുറം | 1606 | 1419 | 88% | 151 | 78 | 52% |
| കോഴിക്കോട് | 1527 | 788 | 52% | 188 | 40 | 21% |
| വയനാട് | 345 | 312 | 90% | 52 | 43 | 83% |
| കണ്ണൂർ | 1629 | 1184 | 73% | 110 | 42 | 38% |
| കാസർകോട് | 593 | 552 | 93% | 65 | 47 | 72% |
| ആകെ | 14566 | 10816 | 74% | 1418 | 767 | 54% |

## 10.5 ഹരിത ടൂറിസം

| ജില്ല | ഹരിത ടൂറിസം പ്രഖ്യാപിച്ച കേന്ദ്രങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ടാർഗറ്റ് | നവംബർ മാസം | ഡിസംബർ മാസം | ആകെ |
| തിരുവനന്തപുരം | 45 | 5 | - | 5 |
| കൊല്ലം | 30 | 6 | 5 | 11 |
| പത്തനംതിട്ട | 7 | 1 | - | 1 |
| ആലപ്പുഴ | 20 | 1 | - | 1 |
| കോട്ടയം | 33 | 2 | 6 | 8 |
| ഇടുക്കി | 53 | 4 | - | 4 |
| എറണാകുളം | 31 | 1 | 1 | 2 |
| തൃശൂർ | 49 | 5 | - | 5 |
| പാലക്കാട് | 36 | 5 | - | 5 |
| മലപ്പുറം | 38 | - | - | 0 |
| കോഴിക്കോട് | 29 | 7 | - | 7 |
| വയനാട് | 18 | - | 2 | 2 |
| കണ്ണൂർ | 34 | 4 | 2 | 6 |
| കാസർഗോഡ് | 14 | 4 | 5 | 9 |
| ആകെ | 437 | 45 | 21 | 66 |

ഡിസംബർ മാസത്തിൽ എല്ലാ ജില്ലകളിലും 25% ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കണം എന്ന ലക്ഷ്യം നൽകിയിരുന്നു. ഹരിത കേരളം മിഷനും ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 437 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിസംബർ മാസം വരെ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 66 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ 15% ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായിട്ടുണ്ട്.

| ജില്ല | ഡിസംബർ മാസം പ്രഖ്യാപിച്ച ഹരിത ടൂറിസം കേന്ദ്രങ്ങളുടെ പേര് |
|---|---|
| കൊല്ലം | കുമ്മിൾ മീൻമുട്ടി വെള്ളച്ചാട്ടം, കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം, ശെന്തുരുണി റോസ്മല ടൂറിസം പ്ലേസ്, തെന്മല എർത്ത് ഡാം, ഫ്രാഗ്രൻറ് നേച്ചർ റിട്രീറ്റ് ആൻഡ് റിസോർട്ട് ലിമിറ്റഡ് ചിറക്കര |
| കോട്ടയം | ജെ യെസ് ഫാം, വൈക്കം ബീച്ച്, ചാവറ തീർത്തടനാ കേന്ദ്രം, സെന്റ് ജോർജ് ഓർത്തഡോസ് ചർച്ച്, സെന്റ് അൽഫോൻസാ തീർത്തടനാ കേന്ദ്രം, കുമാരകം പക്ഷിസങ്കേതം |
| എറണാകുളം | കപ്രികാട് അഭയാരണ്യം |
| വയനാട് | കാരാപ്പുഴ ഡാം, എടക്കൽ ഗുഹ |
| കണ്ണൂർ | വയലപ്ര പാർക്ക്, ജബ്ബാർകടവ് പാർക്ക് |
| കാസർഗോഡ് | ബേക്കൽ, അഴിത്തല, റാണിപുരം, ഗുരുവനം, പത്തായപുര |

- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ കൊല്ലം ജില്ലയിൽ ഡിസംബർ 31-ന് കുമ്മിൾ ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി വെള്ളച്ചാട്ടം, കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം, ശെന്തുരുണി റോസ്മല ടൂറിസ്റ്റ് പ്ലേസ്, തെന്മല എർത്ത് ഡാം ടൂറിസം, ചിറക്കര ഗ്രാമപഞ്ചായത്തിലെ ഫ്രാഗ്രൻറ് നേച്ചർ റിട്രീറ്റ് ആൻഡ് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. കൂടുതൽ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പരിശോധനയും പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ടൂറിസം വകുപ്പിന്റെ സഹകരണമില്ലായ്മ മൂലം പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് സാധിക്കുന്നില്ല.
- ❖ പത്തനംതിട്ട ജില്ലയിൽ കോന്നി ആനക്കൂട് കേന്ദ്രവും പെരുന്തേനരുവിയും ഹരിത ടൂറിസം കേന്ദ്രമായി ജനുവരിയിൽ പ്രഖ്യാപിക്കും.
- ❖ കോട്ടയം ജില്ലയിൽ കുമരകം പക്ഷിസങ്കേതം, സെയിന്റ് അൽഫോൻസാ തീർത്ഥാടന കേന്ദ്രം, ജെ യെസ് ഫാം, ചാവറ തീർത്ഥാടന കേന്ദ്രം, സെന്റ് ജോർജ്ജ് ഓർത്തിഡോക്സ് ചർച്ച് പുതുപ്പള്ളി, വൈക്കം ബീച്ച് എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രമായി മാറിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ കൂവപ്പടി ഗ്രാമപഞ്ചായത്തിലെ കോടനാട് അഭയാരണ്യം എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഹരിത ടൂറിസ്റ്റ് കേദ്രമായി പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ VFS ഗ്ലോബൽ, ഹരിത കേരളം മിഷൻ, വിവിധ വകുപ്പുകൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെ ഫോർട്ട്കൊച്ചി ബീച്ചിൽ 1300 വിദ്യാർത്ഥികൾ പങ്കെടുത്ത മെഗാ ക്ലീനിങ് ഡ്രൈവ് ഫോർട്ട്കൊച്ചി സബ് കളക്ടർ ഉദ്ഘാടനം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിലെ മന്നലാംകുന്ന് ബീച്ച് ജനുവരി 13 ന് ഗുരുവായൂർ

നിയോജകമണ്ഡലം MLA എൻ.കെ.അക്ബർ ഉദ്ഘാടനം നിർവഹിക്കും. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തുമ്പൂർമുഴി ബട്ടർഫ്ലൈ ഗാർഡൻ പ്രഖ്യാപനത്തിന് സജ്ജമായി കഴിഞ്ഞു. നവംബർ മാസം വരെ 5 കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.

- ❖ മലപ്പുറം ജില്ലയിൽ പുഞ്ച പാർക്ക് ജനുവരി 10-ന് പൊന്നാനി MLA നന്ദകുമാർ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതാണ്. ഡിസംബർ മാസം ജില്ലയിൽ 4 കേന്ദ്രങ്ങളിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. പുഞ്ച പാർക്ക് കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ, IEC ബോർഡുകൾ സ്ഥാപിച്ചു.
- ❖ വയനാട് ജില്ലയിലെ എടയ്ക്കൽ ഗുഹയുടെ ഹരിത ടൂറിസം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നെന്മേനി ഗ്രാമപഞ്ചായത്തിലെ ചുള്ളിയോട് വെച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പങ്കാളിത്തം-110
- ❖ വയനാട് ജില്ലയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കാരാപ്പുഴ ഡാമിന്റെ ഹരിത ടൂറിസം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ചേർന്നു നടത്തി. പങ്കാളിത്തം-73
- ❖ വയനാട് ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കാൻ തീരുമാനിച്ച ബാണാസുര സാഗർ ഡാം, കർലാട് തടാകം, പഴശ്ശി കുടീരം, മാവിലാംതോട് പഴശ്ശി പാർക്ക്, സുൽത്താൻ ബത്തേരി ടൗൺ സ്ക്വയർ എന്നിവടങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പരിശോധന നടത്തി.
- ❖ വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി വിനോദ സഞ്ചാരികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കുന്നതിനും ആവശ്യമുള്ളവർക്ക് ഭക്ഷണം പാകം ചെയ്തു കഴിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കി ഫുഡ് കോർട്ട് ആരംഭിച്ചു. ഒരേ സമയം 50 പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ചെറിയൊരു ഫീസ് ഈടാക്കികൊണ്ടാണ് ഈ ഫുഡ്കോർട്ട് പ്രവർത്തിക്കുന്നത്. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി വിനോദ സഞ്ചാരികൾക്ക് ആവശ്യമായ ഗ്ലാസ്സുകളും പ്ലേറ്റുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. പൂക്കോട് തടാകത്തിലേക്കുള്ള കവാട പ്രദേശത്താണ് സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. വിനോദ സഞ്ചാരികൾക്ക് വളരെ ഉപകാരപ്രദമായ ഈ പ്രവൃത്തി മാലിന്യ സംസ്കരണ രംഗത്തെ ഗ്രാമപഞ്ചായത്തിന്റെ പുതിയ ചുവടുവെപ്പാണ്. തളിപ്പുഴയിൽ വിനോദ സഞ്ചാരികൾ ഉണ്ടാക്കുന്ന ഭക്ഷണ മാലിന്യ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്ന നിലയിലാണ് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്.
- ❖ കണ്ണൂർ ജില്ലയിൽ ഡിസംബർ മാസം ചെറുതാഴം ഗ്രാമപഞ്ചായത്തിലെ വയലപ്ര പരപ്പ് ടൂറിസം പാർക്ക്, പായം ഗ്രാമപഞ്ചായത്തിലെ ജബ്ബാർ കടവ് പാർക്ക് എന്നീ കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.

| പ്രവർത്തനം നടന്ന മാസം | ഹരിത ടൂറിസം - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ഒക്ടോബർ | 86 | 206 | 492 | 294 | 978 | 0 | 0 | 0 | 0 | 602 | 3649 |
| നവംബർ | 100 | 381 | 724 | 576 | 1681 | 0 | 0 | 1 | 32 | 818 | 1226 |
| ഡിസംബർ | 61 | 209 | 290 | 167 | 666 | 0 | 0 | 2 | 100 | 445 | 2051 |
| ആകെ | 247 | 796 | 1506 | 1037 | 3325 | 0 | 0 | 3 | 132 | 1865 | 6926 |

- ❖ കാസർഗോഡ് ജില്ലയിൽ ബേക്കൽ, അഴിത്തല, റാണിപുരം, ഗുരുവനം, പത്തായപുര എന്നീ കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി ഡിസംബർ മാസം പ്രഖ്യാപിച്ചു. BRDCMD, ടൂറിസം DD, DTPC സെക്രട്ടറി എന്നിവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രാദേശിക ജനങ്ങളും ഉൾപ്പെടുന്ന യോഗം ഡിസംബർ മാസം യോഗം ചേർന്ന് വിലയിരുത്തൽ നടത്തി. സുസ്ഥിരതക്കുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഔദ്യോഗികമായി പ്രഖ്യാപന ചടങ്ങ്

ഓരോയിടത്തും തദ്ദേശസ്ഥാപനങ്ങൾ നടത്തുന്നതാണ്. 2025 ജനുവരി 8 ന് ജില്ലായോഗം വിളിച്ചു ചേർത്തിട്ടുണ്ട്.

### 10.6 ഹരിത സഭ

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുതുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത സഭയുടെ ഏകോപനം ഹരിത കേരളം മിഷനും ശുചിത്വ മിഷനും ചേർന്ന് ഉറപ്പാക്കിയിരുന്നു. പുതുതലമുറകളിൽ മാലിന്യ നിർമാർജനത്തെ കുറിച്ച് അവബോധം കൊണ്ടുവരാനും മാലിന്യമുക്തം നവകേരളത്തിന് പുതിയ ആശയങ്ങൾ സംഭാവന ചെയ്യാനും വിദ്യാർത്ഥികൾക്ക് അവസരം സൃഷ്ടിക്കുന്ന വേദിയായി ഹരിത സഭ. ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തണം ഇല്ലാത്ത പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ സംവിധാനങ്ങൾ ഉറപ്പു വരുതുന്നതിനും ഹരിത സഭ പ്രയോജനപ്പെട്ടു. ശുചിത്വ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഗുണദോഷങ്ങൾ കുട്ടികളിലൂടെ സമൂഹത്തിനു പകർന്ന് നൽകുവാൻ ഹരിത സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

| ജില്ലാ | തദ്ദേശ സ്ഥാപങ്ങളുടെ എണ്ണം | സംഘടിപ്പിച്ച തദ്ദേശ സ്ഥാപങ്ങളുടെ എണ്ണം | ഹരിതസഭയിൽ പങ്കെടുത്ത സ്കൂളുകളുടെ എണ്ണം | | | | | പങ്കെടുത്ത കുട്ടികളുടെ എണ്ണം | പങ്കാളിത്തം- അധ്യാപകർ, മറ്റ് ഉദ്യോഗസ്ഥർ | അവതരിപ്പിച്ച റിപ്പോർട്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | | ഗവണ്മെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് | കേന്ദ്രിയ വിദ്യാലയം | ആകെ | | | |
| തിരുവനന്തപുരം | 78 | 78 | 520 | 263 | 117 | 0 | 900 | 11800 | 2521 | 888 |
| കൊല്ലം | 73 | 69 | 430 | 331 | 112 | 0 | 902 | 9937 | 2031 | 1006 |
| പത്തനംതിട്ട | 57 | 56 | 238 | 389 | 61 | 3 | 666 | 7010 | 2100 | 643 |
| ആലപ്പുഴ | 78 | 76 | 350 | 256 | 89 | 2 | 697 | 10712 | 2148 | 745 |
| കോട്ടയം | 77 | 76 | 325 | 440 | 93 | 4 | 862 | 11081 | 2137 | 745 |
| ഇടുക്കി | 54 | 48 | 190 | 207 | 50 | 0 | 447 | 7860 | 1712 | 483 |
| എറണാകുളം | 96 | 91 | 309 | 343 | 186 | 1 | 839 | 11466 | 2342 | 830 |
| തൃശ്ശൂർ | 94 | 90 | 261 | 592 | 145 | 4 | 1002 | 13153 | 3687 | 1024 |
| പാലക്കാട് | 95 | 43 | 163 | 246 | 79 | 2 | 490 | 5503 | 1567 | 545 |
| മലപ്പുറം | 106 | 53 | 270 | 384 | 55 | 1 | 710 | 8332 | 1848 | 841 |
| കോഴിക്കോട് | 78 | 63 | 249 | 655 | 116 | 2 | 1094 | 7805 | 2054 | 1029 |
| വയനാട് | 26 | 14 | 110 | 30 | 31 | 0 | 171 | 1155 | 204 | 171 |
| കണ്ണൂർ | 81 | 81 | 313 | 881 | 166 | 5 | 1365 | 14133 | 3611 | 1282 |
| കാസറഗോഡ് | 41 | 41 | 316 | 192 | 43 | 0 | 550 | 5704 | 1201 | 547 |
| TOTAL | 1034 | 879 | 4044 | 5209 | 1343 | 24 | 10695 | 125651 | 29163 | 10779 |

- ❖ നവംബർ 14ന് തുടങ്ങി ഡിസംബർ മാസത്തോടെ 879 തദ്ദേശ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പ് നടന്ന ജില്ലകളിൽ ജനുവരി മാസത്തിലും ഹരിത സഭ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തദ്ദേശ സ്ഥാപന പരിധിയിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവസരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 10695 വിദ്യാലയങ്ങൾ ഹരിത സഭയിൽ പങ്കാളിയായി. ഇതിൽ 4044 സർക്കാർ സ്കൂളുകളും, 5209 എയ്ഡഡ് സ്കൂളുകളും ആൺഎയ്ഡഡ് മേഖലയിലെ 1343 സ്കൂളുകളും 24 കേന്ദ്രിയ വിദ്യാലയങ്ങളും പങ്കെടുത്തിട്ടുണ്ട്. 125651 കുട്ടികൾ സജീവമായി ഹരിത സഭയിൽ പങ്കാളിയായി. 29163 അധ്യാപകരും ഹരിത സഭയിൽ പങ്കെടുത്തു. ഹരിത സഭയുടെ ഭാഗമായി കുട്ടികൾ മാലിന്യ സംസ്കരണ രംഗത്തെ അവരവരുടെ സ്കൂളിലെ വിവിധ മാതൃകകളും, അവർ നിരീക്ഷിച്ച മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങളും റിപ്പോർട്ടായി സഭയിൽ അവതരിപ്പിച്ചു. 10779 റിപ്പോർട്ടുകളാണ് 879 ഹരിത സഭകളിലായി

അവതരിപ്പിച്ചത്.

- ❖ തിരുവനന്തപുരം ജില്ലയിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ ഹരിത സഭയുടെ ഭാഗമായി റാലി, സ്കിറ്റ്, ഗ്രൂപ്പ് സോങ് എന്നിവ നടത്തി. വാമനപുരം ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം നടത്തി.
- ❖ തിരുവനന്തപുരം ജില്ലയിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ ഹരിത സഭയുടെ ഭാഗമായി ആരോഗ്യ വകുപ്പുമായി ചേർന്ന് മാലിന്യ സംസ്കരണ മേഖലയിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് ബോധ്യപ്പെടുത്തുന്ന സെമിനാർ സംഘടിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി കുട്ടികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ, ചിത്ര പ്രദർശനം, കുട്ടികളുടെ ശുചിത്വ സന്ദേശ നാടകം, ക്വിസ് കോമ്പറ്റീഷൻ, ബദൽ ഉൽപന്നങ്ങളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ റാന്നി ഗ്രാമപഞ്ചായത്തിൽ ലഹരിവിമുക്ത ബോധവത്കരണ ക്ലാസ്സ് എക്സൈസ് ഉദ്യോഗസ്ഥർ നടത്തി.
- ❖ പത്തനംതിട്ട ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ഹരിത സർട്ടിഫിക്കറ്റ് വിതരണവും, ശുചിത്വക്വിസ് കോമ്പറ്റിഷൻ, പ്രസംഗം, കവിത, മാലിന്യ സംസ്കരണം മോഡൽസ് പ്രസന്റേഷൻ, ശുചിത്വ മാലിന്യ സംസ്കരണ ക്ലാസ് എന്നിവ നടത്തി.
- ❖ ആലപ്പുഴ ജില്ലയിൽ മുട്ടാർ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കി സൗന്ദര്യ വൽകരിക്കുന്നതിനുള്ള പ്രോജക്ടുകളാണ് ഈസ്റ്റ് LPS-ലെ കുട്ടികളും, ഹൈസ്കൂൾ വിഭാഗത്തിൽ കുട്ടികളും അവതരിപ്പിച്ചത്. അമല ഇംഗ്ലീഷ് മീഡിയം LPS, സെന്റ് ജോർജ്ജ് LPS എന്നിവടങ്ങളിലെ കുട്ടികൾ ശുചിത്വപ്പാട്ടും പ്രസംഗവും അവതരിപ്പിച്ചു.
- ❖ കോട്ടയം ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി മാലിന്യത്തെ പറ്റിയുള്ള ഗാനങ്ങൾ, കവിതകൾ, ഡാൻസുകൾ, പ്രസംഗങ്ങൾ കുട്ടികൾ അവതരിപ്പിച്ചു. വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ 6 സ്കൂളുകളിൽ ഹരിത സഭയുമായി ബന്ധപ്പെട്ട് സെമിനാറുകൾ നടത്തി.
- ❖ കോട്ടയം ജില്ലയിൽ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ ഓരോ സ്കൂളിൽ നിന്നും ഹരിത അംബാസിഡറായി ഓരോ കുട്ടികളെ തിരഞ്ഞെടുക്കുകയും അതിൽ നിന്നും ഒരു കുട്ടിയെ പഞ്ചായത്ത് തല ബ്രാൻഡ് അംബാസിഡറായി തിരഞ്ഞെടുക്കുകയും ചെയ്തു. ഹരിത കർമ്മ സേന ശേഖരിച്ച സാരികൾ ആലപ്പുഴ സ്നേഹ ഭവൻ ട്രസ്റ്റിന് കുട്ടികൾ കൈമാറി.
- ❖ ഇടുക്കി ജില്ലയിൽ തൊടുപുഴ നഗരസഭയിൽ മാലിന്യത്തിൽ നിന്ന് ക്രാഫ്റ്റുകൾ നിർമ്മിക്കൽ, മികച്ച പ്രസന്റേഷൻസിന് സമ്മാനം നൽകൽ, പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും തുണിസഞ്ചി എന്നിവ കുട്ടികളുടെ ഹരിത സഭയുടെ ഭാഗമായി സംഘടിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും കൂടാതെ സ്കൂളുകളിൽ പ്ലാസ്റ്റിക് ഫൈബർ പേനകൾ പരമാവധി ഒഴിവാക്കുക എന്ന് ലക്ഷ്യത്തിലേക്ക് എത്തുവാൻ പ്രചോദനമാകുന്നതിന് വേണ്ടി ഹരിതസഭയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പേപ്പർ പേനകളും വിതരണം ചെയ്തു. മികച്ച ഹരിത ക്ലബ്, മികച്ച അവതരണങ്ങൾ, എന്നിവയ്ക്കു മൊമെന്റോ നൽകി. ഹരിത വിദ്യാലയ പ്രഖ്യാപനം കുട്ടികളുടെ ഹരിത സഭയുടെ ഭാഗമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ ചിത്ര പ്രദർശനം, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ക്രാഫ്റ്റ് മോഡലുകൾ, കുട്ടികൾ തയ്യാറാക്കിയ തുണിസഞ്ചി വിതരണം മുതലായ പരിപാടികൾ നടന്നു.
- ❖ മലപ്പുറം ജില്ലയിൽ എടക്കര ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന അംഗങ്ങളെയും ടൗൺ ശുചീകരണ പ്രവർത്തകരെയും വിദ്യാർത്ഥികൾ ആദരിച്ചു. വിദ്യാർത്ഥികൾക്കായി പഞ്ചായത്തിന്റെ ജൈവവൈവിധ്യ രജിസ്റ്റർ കൈമാറി.
- ❖ മലപ്പുറം ജില്ലയിൽ മമ്പാട് ഗ്രാമപഞ്ചായത്തിൽ വിദ്യാത്ഥികൾ പാഴ് വസ്തു കൊണ്ട് നിർമ്മിച്ച കര കൗശല വസ്തുക്കൾ പഞ്ചായത്തിന് കൈമാറി. ഹരിത ഗ്രേഡിങ് നേടിയ സ്ഥാപനങ്ങൾക്ക് അനുമോദന പത്രം, കുട്ടികൾക്കുള്ള അനുമോദന പത്രം എന്നിവ വിതരണം ചെയ്തു. വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തി.

- ❖ കോഴിക്കോട് ജില്ലയിൽ ചോറോട് ഗ്രാമപഞ്ചത്തിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് ഡെമോ സെറ്റിങ് & മികച്ച അവതരണത്തിന് അവാർഡ് നൽകി.
- ❖ കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നഗരസഭയിൽ കൊയിലാണ്ടി MLA കാനത്തിൽ ജമീല ഹരിതസഭ ഉദ്ഘാടനം ചെയ്തു.
- ❖ വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ വിവിധ മാലിന്യ സംസ്കരണ പ്രവർത്തങ്ങളെ കുറിച്ചും, മാലിന്യ സംസ്കരണ രംഗത്ത് അവരവരുടെ സ്കൂളുകളിലെ വിവിധ മാതൃകകളും അവതരിപ്പിച്ചു. കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത പാനൽ ആണ് ഹരിത സഭ നിയന്ത്രിച്ചത്. കുട്ടികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഭരണസമിതി മറുപടി നൽകി.
- ❖ കണ്ണൂർ ജില്ലയിൽ ജില്ലാ തല ഉദ്ഘാടനം, മട്ടന്നൂർ നഗരസഭയിൽ വേസ്റ്റ് ടു ആർട്ട് പ്രദർശന മത്സരത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച 3 വിദ്യാലയങ്ങൾക്ക് പാരിതോഷികം എന്നിവ നടന്നു. ഹരിത സഭയുടെ ഭാഗമായി ഓർമ്മ മരം നട്ടു.
- ❖ കണ്ണൂർ ജില്ലയിൽ റീൽസ്, പോസ്റ്റർ നിർമ്മാണം, പത്ര നിർമാണം, പ്രൊജക്റ്റ് നിർമാണം, ചിത്രരചന മത്സരങ്ങൾ, കുട്ടികളുടെ കലാപരിപാടികൾ ഹരിത സഭയുടെ ഭാഗമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്ത് മികച്ച 3 സ്കുളുകളെ അനുമോദിച്ചു. ഹയർസെക്കണ്ടറി വിഭാഗത്തിൽ GHSS കാഞ്ഞിരപ്പൊയിൽ, UP വിഭാഗത്തിൽ GUPS പൂത്തക്കാൽ, LP വിഭാഗത്തിൽ GUPS മലപ്പച്ചേരി എന്നീ സ്കുളുകളെയാണ് അനുമോദിച്ചത്.
- ❖ എറണാകുളം ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പിന്റെ ഭാഗമായി NSS ക്യാമ്പുകളിൽ "യുവതക്ക് ഒപ്പം" എന്ന പരുപാടിയിൽ ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നയിക്കുന്ന "ഗ്രീൻ ടോക്ക്" സംഘടിപ്പിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ നടത്തറ ഗ്രാമപഞ്ചായത്തിലെ മൂർക്കനിക്കരയിൽ വച്ച് നടന്ന ദ്വിദിന സഹവാസ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്കായി 2 ക്ലാസ് സെഷനുകൾ ഹരിത കേരളം മിഷന്റെ ഭാഗമായി നൽകി. മാലിന്യസംസ്ക്കരണം കുട്ടികളിൽ, പ്രകൃതി വിഭവ സംരക്ഷണം കുട്ടികളിൽ എന്നീ വിഷയങ്ങളിൽ ക്ലാസ്സ് നൽകിയത്.
- ❖ തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പാണഞ്ചേരി GLP സ്ക്കൂൾ പട്ടിക്കാട് വച്ച് നടത്തുന്ന NSS ക്യാമ്പിൽ പങ്കെടുത്തു വിദ്യാർത്ഥികൾക്ക് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പിനിനെ കുറിച്ചും, മാലിന്യ സംസ്കരണത്തെ കുറിച്ചും, പ്രകൃതി സംരക്ഷണത്തെ കുറിച്ചും, ഊർജ്ജസംരക്ഷണത്തെ കുറിച്ചും ക്ലാസ്സുകൾ എടുത്തു.
- ❖ തൃശ്ശൂർ ജില്ലയിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ കിള്ളിമംഗലം യു പി സ്കൂളിൽ വെച്ചു നടക്കുന്ന NSS ക്യാമ്പിൽ പങ്കെടുത്തു മാലിന്യ സംസ്ക്കരണവും ഊർജ്ജ സംരക്ഷണവും എന്നീ വിഷയങ്ങളിൽ ക്ലാസ്സ് എടുത്തു. 47 വിദ്യാർഥികളും 5 അധ്യാപകരും പങ്കെടുത്തു.

### 10.4 ഇനി ഞാൻ ഒഴുകട്ടെ

കേരളം സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും ശുചിയാക്കിയും നീരൊഴുക്ക് വീണ്ടെടുത്തും സംരക്ഷിച്ചും നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ നീർച്ചാലുകളും മാർച്ച് 30-നോട് കൂടി വൃത്തിയാക്കി നീരൊഴുക്ക് വീണ്ടെടുക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

- ❖ ഡിസംബർ 1-ന് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു നീർച്ചാൽ വീടെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 177 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പെട്ട 435.35 കിമീ നീളം നീർച്ചാലുകൾ ജനുവരി 15-നകം പൂർത്തീകരിച്ചിട്ടുണ്ട്.
- ❖ നീർച്ചാൽ ശുചീകരണവുമായി ബന്ധപ്പെട്ട് 259 ഇടങ്ങളിൽ ഏകദിന ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 9890 ജനങ്ങളുടെ പങ്കാളിത്തം ഏകദിന ശുചീകരണത്തിൽ ഉണ്ടായിട്ടുണ്ട്.
- ❖ തുടർദിവസങ്ങളിലുള്ള പ്രവർത്തനങ്ങളിലുൾപ്പെടെ 179674 ജനങ്ങളുടെ പങ്കാളിത്തം ഇനി ഞാൻ ഒഴുകട്ടെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട്.

- ❖ 145 ലോഡ് മാലിന്യം നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ഡിസംബർ 8-ന് ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടം പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുന്നു. നീർച്ചാലുകളുടെ വീണ്ടെടുക്കൽ ആരംഭിക്കുന്നതിന് മുന്നോടിയായി ജില്ലാതല സാങ്കേതിക സമിതിയുടെ യോഗം ഡിസംബർ മാസം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. 29 ഗ്രാമപഞ്ചായത്തുകളിൽ ഡിസംബർ മാസം പ്രവർത്തനം ആരംഭിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ ജില്ലാ തല ഉദ്ഘാടനം പന്തളം ബ്ലോക്കിലെ പന്തളം തെക്കേക്കരയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവ്വഹിച്ചു. ഇലന്തൂർ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും പന്തളം ബ്ലോക്കിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിലും, കോന്നി ബ്ലോക്കിലെ മൈലപ്ര ഗ്രാമപഞ്ചായത്തിലും ഉദ്ഘാടന പരിപാടി നടന്നു.
- ❖ ആലപ്പുഴ ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ട ജനകീയ ക്യാമ്പയിൻ ലോഗോ പ്രകാശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ കോട്ടയം ജില്ലയിൽ ഡിസംബർ മാസം 46 ഗ്രാമപഞ്ചായത്തുകളിൽ ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ട പ്രവർത്തനം ആരംഭിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 3 യോഗങ്ങൾ കൂടുകയും 11 ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ആകെ പങ്കാളിത്തം 399.
- ❖ ഇടുക്കി ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിന്റെ ജില്ലാ തല ഉദ്ഘാടനം ശാന്തൻപാറ ഗ്രാമപഞ്ചാത്തിലെ പൂപ്പാറയിൽ വെച്ച് ഉടുമ്പൻചോല MLA എം.എം.മണി നിർവഹിച്ചു. പൂപ്പാറ പന്നിയാർ പുഴ ശുചീകരണം നടത്തി കൊണ്ടാണ് ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ പുഴ പുനരുജ്ജീനവ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് മെമ്പർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, വ്യാപരികൾ, ചുമട്ടു തൊഴിലാളികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. 500 പേരാണ് പന്നിയാർ പുഴയുടെ ശുചീകരണ പ്രവർത്തനങ്ങളിലും ഉദ്ഘാടന പരിപാടിയിലുമായി പങ്കാളികളായത്.
- ❖ എറണാകുളം ജില്ലയിൽ "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം മണീട് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലുള്ള നാല് കിലോ മീറ്ററിലധികം നീളവുമുള്ള മണീട് പുഞ്ചതോട് പുനരുജ്ജീവന പ്രവർത്തനം ആരംഭിച്ചു കൊണ്ട് പിറവം MLA അഡ്വ.അനൂപ് ജേക്കബ് നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ ഡിസംബർ മാസം 26 തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിൽ ആയി 26 തോടുകൾ (28.43 Km) ഉദ്ഘാടനം ജനകീയ പങ്കാളിത്തതോടെ നടന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ട ജില്ലാതല ഉദ്ഘാടനവും വടക്കാഞ്ചേരി നഗരസഭയിലെ എല്ലാ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചതിന്റെ പ്രഖ്യാപനവും നഗരസഭാ ചെയർമാൻ ഉദ്ഘാടനം ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ ആദ്യ രണ്ടു ഘട്ടങ്ങളിലായി 220.46 കിമീ വരുന്ന ജലാശയങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി പൂർത്തീകരിക്കുവാൻ സാധിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ചാഴൂർ പഞ്ചായത്തിലെ 17ാം വാർഡിൽ "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കുന്ന പ്രവൃത്തിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. കൊരട്ടി ഗ്രാമപഞ്ചായത്ത് പെരുമ്പി തോട് ശുചീകരണം ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ കാടുക്കുറ്റി ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നാടൻ പാട്ട് പാടിക്കൊണ്ടുള്ള നീർത്തട നടത്തവും ചാത്തൻചാൽ തോട് ശുചീകരണവും നടന്നു. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ മൂന്നാംഘട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. 146 പേർ പങ്കെടുത്തു.

- തൃശ്ശൂർ ജില്ലയിൽ കാടുകുറ്റി ഗ്രാമപഞ്ചായത്ത് വാർഡ് 5 ൽ ചാത്തൻചാൽ ചെറുതോട് (700m) ശുചീകരണ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് നിർവഹിച്ചു. 34 പേർ ഈ പ്രവർത്തനത്തിൽ പങ്കാളികളായി.
- പാലക്കാട് ജില്ലയിൽ 2024 ഡിസംബർ 15 നു "ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം" ക്യാമ്പയിൻ സംസ്ഥാന തല ഉദ്ഘാടനം തൃത്താല കണ്ണന്നൂർ തോട് പരിസരത്തിൽ മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. 2.445 കി.മീ. ദൂരം ശുചീകരണം നടത്തിയിട്ടുണ്ട്. ഡിസംബർ മാസത്തിൽ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിൻ ഉദ്ഘാടനം 42 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു.
- പാലക്കാട് ജില്ലയിൽ 2024 ഡിസംബർ 21 നു പറളി ഗ്രാമ പഞ്ചായത്തിൽ പറളി കടവത്ത് കുടിവെള്ള തടയണ പദ്ധതി ശുചീകരണ യജ്ഞം നടന്നു. കോങ്ങാട് MLA അഡ്വ.ശാന്തകുമാരി പരിപാടി ഉദ്ഘാടനം ചെയ്തു. 200 പേർ പരിപാടിയിൽ പങ്കെടുത്തു.
- മലപ്പുറം ജില്ലയിൽ "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം വെട്ടം ഗ്രാമപഞ്ചായത്തിലെ കല്ലോവ്തോട് പരിസരത്ത് നടന്നു. വെട്ടം കല്ലോവ്തോടിന്റെ നവീകരണത്തിന് തുടക്കമിട്ടുകൊണ്ട് സ്പോർട്സ് ഹജ്ജ് വഖഫ് വകുപ്പ് മന്ത്രി വി.അബ്ദുറഹിമാൻ ഉദ്ഘാടനം നിർവ്വഹിച്ചത്.
- കോഴിക്കോട് ജില്ലയിൽ ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം ഡിസംബർ 29ന് മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ വച്ച് നടന്നു. ഗ്രാമപഞ്ചായത്തിലെ ആച്ചിക്കുളങ്ങര കണ്ടംചിറ തോടിന്റെ 2.1 കിലോമീറ്റർ ദൂരത്തിൽ 1600ലേറെ ആളുകൾ പങ്കെടുത്തുകൊണ്ടാണ് ജനകീയ ശുചീകരണം നടന്നത്. മുൻ മന്ത്രിയും പേരാമ്പ്ര MLA-യുമായ ടി പി രാമകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.
- കോഴിക്കോട് ജില്ലയിൽ ജില്ലാ തല പരിപാടിയുമായി ബന്ധപ്പെട്ട് ഡിസംബർ മാസം രണ്ട് ദിവസങ്ങളിലായി നീർച്ചാൽ നടത്തം നടത്തി പ്രശ്നങ്ങൾ കണ്ടെത്തുകയും ഡിസംബർ 20ന് സർവ്വകക്ഷി യോഗം വിളിച്ച് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഡിസംബർ 23ന് പഞ്ചായത്ത് തല സംഘാടക സമിതി യോഗം ചേർന്ന് സർവ്വകക്ഷി യോഗത്തിന്റെ കൂടെ നിർദ്ദേശം ഉൾക്കൊള്ളിച്ചുള്ള അവതരണം നടത്തി. 5 റീച്ചുകളിലായാണ് പ്രവർത്തനം നടത്തിയത്.
- കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ബ്ലോക്ക് തല ഉദ്ഘാടനം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വച്ച് ബ്ലോക്ക് പ്രസിഡന്റ് നിർവഹിച്ചു. പൂനൂർ പുഴ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളാണ് കുന്ദമംഗലം പഞ്ചായത്തിൽ തുടക്കമായത്.
- വയനാട് ജില്ലയിൽ ഇനി ഞാൻ ഒഴുകട്ടെ മൂന്നാംഘട്ടം കബനിക്കായി വയനാട് കാമ്പയിനുകളുടെ ജില്ലാതല ഉദ്ഘാടനം വൈത്തിരി ഗ്രാമപഞ്ചായത്തിലെ 12 ആം വാർഡിലെ കുന്നത്ത്തോട്ടം നീർച്ചാലിൽ നടന്നു. ADM കെ.ദേവകി ഉദ്ഘാടനം നിർവഹിച്ചു. കബനിക്കായി വയനാട് കാമ്പയിനിന്റെ ഭാഗമായി മാപിങ് നടത്തിയ നീർച്ചാലിൽ ആണ് ഉദ്ഘാടനം നടത്തിയത്. തുടർന്ന് 400 മീറ്റർ ദൂരം ജനകീയമായി തോട് പുനരുജ്ജീവനം നടത്തി.

## 10.4 ഹരിത KSRTC

- കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത 9 KSRTC സ്റ്റേഷനുകളിൽ 8 സ്റ്റേഷനുകളിൽ ശുചീകരണം നടത്തുകയുണ്ടായി. KSRTC സ്റ്റേഷനുകളിലെ ജൈവ അജൈവ മാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം തുടങ്ങിയവയിലെ ഗ്യാപ് പരിഹരിക്കുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ പുനലൂർ KSRTC ഡിപ്പോ മെഗാ ക്ലീനിങ് ഉദ്ഘാടനം പുനലൂർ നിയോജക മണ്ഡലം MLA പി.എസ്.സുപാൽ നിർവ്വഹിച്ചു. 125 പേർ പങ്കെടുത്തു.
- കൊല്ലം ജില്ലയിൽ കൊട്ടാരക്കര KSRTC ഡിപ്പോ മെഗാ ക്ലീനിങ് ഉദ്ഘാടനം നഗരസഭ ചെയർമാൻ നിർവഹിച്ചു. JCB ഉപയോഗിച്ച് ഗ്യാരേജിലെ ബ്രേക്ക് ലൈനർ വേസ്റ്റ് കുഴിച്ചു മൂടി. ബാക്കിയുള്ള വേസ്റ്റ് നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി.
- കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി KSRTC ബസ്റ്റാൻഡ്, ഗ്യാരേജ് എന്നിവിടങ്ങളിലെ മെഗാ ക്ലീനിങ് നടത്തി. 63 ഹരിത കർമ്മ സേന പ്രവർത്തകരും 17 ക്ലീനിങ് സ്റ്റാഫും KSRTC-യുടെ 7 ക്ലീനിങ് സ്റ്റാഫും

മാസ്സ് ക്ലീനിങ്ങിൽ പങ്കെടുത്തു.

- ❖ ഇടുക്കി ജില്ലയിൽ KSRTC ഡിപ്പോകളിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ശുചീകരണം നടത്തിയിട്ടുണ്ട്, 93 പേർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.
- ❖ കോട്ടയം ജില്ലയിൽ തിരഞ്ഞെടുത്ത 7 KSRTC സ്റ്റേഷനുകളിൽ ശുചീകരണം നടത്തിയിട്ടുണ്ട്. KSRTC സ്റ്റേഷനുകളിലെ ജൈവ അജൈവ മാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം തുടങ്ങിയവയിലെ ഗ്യാപ് പരിഹരിക്കുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ എറണാകുളം ഡിപ്പോ പരിസരം ശുചീകരണം പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വൃക്ഷത്തൈ നട്ടുകൊണ്ട് ഡിപ്പോ എൻജിനീയർ നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി KSRTC മാതൃക ഹരിത KSRTC സ്റ്റാഡ് ആകുന്നതിനും ലക്ഷ്യം പൂർത്തികരിക്കുന്നതിനു വേണ്ട ചർച്ച നടത്തുകയും. നഗരസഭയുമായി ബന്ധപ്പെട്ട സഹകരണം ഉറപ്പിക്കുകയും ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിൽ എല്ലാ KSRTC ഡിപ്പോകളും ഹരിത KSRTC ആക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഡിസംബർ 1 ന് ആരംഭിച്ചു.
- ❖ തൃശ്ശൂർ KSRTC ബസ് സ്റ്റാൻഡ് ശുചീകരണം കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉദ്ഘാടനം നിർവഹിച്ചു. ബസ് സ്റ്റാന്റും പരിസരവും കോർപ്പറേഷൻ തൊഴിലാളികളുടെയും KSRTC ജീവനക്കാരുടെയും സഹകരണത്തോടെ ശുചീകരിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ കാലങ്ങളായി നിലനിന്നിരുന്ന മാലിന്യ കൂനകളിലെ മാലിന്യങ്ങളെല്ലാം കോർപ്പറേഷൻ തൊഴിലാളികൾ നീക്കം ചെയ്യുകയും പ്രസ്തുത സ്ഥലത്ത് മിനി MCF സ്ഥാപിച്ചുകൊണ്ട് ഓരോ പാഴ്വസ്തുക്കളും കൃത്യമായി തരംതിരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. KSRTC ബസ് സ്റ്റാൻഡിൽ ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ KSRTC ഡിപ്പോ സുസ്ഥിര ശുചിത്വ സമഗ്ര KSRTC ഡിപ്പോ ആയി ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ചാലക്കുടി KSRTC ഡിപ്പോ ശുചീകരണ യജ്ഞം മേലൂർ നിർമ്മല ആർട്സ് ആൻഡ് സയൻസ് കോളേജിലെ NSS വിദ്യാർത്ഥികളും KSRTC തൊഴിലാളികളും സന്നദ്ധ പ്രവർത്തകരും ചേർന്ന് നടത്തി.
- ❖ തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നഗരസഭയിലെ KSRTC ഡിപ്പോയിൽ 1 ഏക്കർ വിസ്തൃതിയിൽ പച്ചത്തുരുത്തിനായി സ്ഥലം കണ്ടെത്തിയിരുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൈകൾ നടുന്നതിനായുള്ള കുഴികളെല്ലാം സജ്ജമായി കഴിഞ്ഞു.
- ❖ പാലക്കാട് ജില്ലയിൽ KSRTC ഡിപ്പോകളെ ഹരിത സ്റ്റേഷനുകളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തല യോഗം നടത്തി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വരുന്നുണ്ട്. ചിറ്റൂർ, വടക്കഞ്ചേരി, മണ്ണാർക്കാട്, പാലക്കാട് എന്നീ 4 ഡിപ്പോകളിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. തിരഞ്ഞെടുത്ത 4 ഡിപ്പോകളിലും ഡിസംബർ മാസം ശുചീകരണം നടത്തിയതിൽ 117 പേർ പങ്കാളിയായി.

## 11. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ

പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

## 11.1 കൊയ്ത്തുൽസവം സംഘടിപ്പിച്ചു

- കട്ടമുടി കുഞ്ചിപ്പെട്ടിക്കുടി പാടശേഖരം ആദ്യഘട്ട കൊയ്ത്തുൽസവം സംഘടിപ്പിച്ചു. ദേവികുളം MLA അഡ്വ. എ രാജ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.
- കഴിഞ്ഞവർഷം 5 ഏക്കറിൽ താഴെ കൃഷി ചെയ്തിരുന്ന കട്ടമുടി കുഞ്ചിപ്പെട്ടിക്കുടി പാടശേഖരത്തിൽ ഈ വർഷം 14.4 ഏക്കറിലേക്ക് നെൽകൃഷി വർദ്ധിപ്പിച്ചിരുന്നു. 17 വ്യക്തിഗത കർഷകരും മൂന്ന് കുടുംബശ്രീ യൂണിറ്റുകളും ഉൾപ്പെടെ 20 കർഷകരാണ് ഇപ്രാവശ്യം നെൽകൃഷി ചെയ്യുന്നത്. കഴിഞ്ഞവർഷം 5 കർഷകർ മാത്രം കൃഷി ചെയ്തിരുന്നിടത്ത് നിന്നാണ് ഈ മാറ്റം സാധ്യമാക്കിയത്. ഇനിയും പാടശേഖരത്തിലെ തരിശിട്ടു കിടക്കുന്ന മറ്റു ഭാഗങ്ങൾ കൂടി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
- അടിമാലി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ഉൾപ്പെട്ട പൂർണ്ണമായും ആദിവാസി വിഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പ്രദേശമാണ് കട്ടമുടി കുഞ്ചിപെട്ടി. മുതുവാൻ വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഇവിടെയുള്ളത്. വനത്താൽ ചുറ്റപ്പെട്ട ഇവിടം ഏകദേശം 20 ഏക്കറിൽ കൂടുതൽ വ്യാപിച്ചുകിടക്കുന്ന പാടശേഖരമാണുള്ളത്. വർഷങ്ങളായി തരിശിട്ട് കിടന്ന ഈ പാടശേഖരത്തിൽ നാലു വർഷങ്ങൾക്കു മുമ്പ് UNDP പദ്ധതിയിലൂടെ വീണ്ടും കൃഷി ആരംഭിച്ചു. ആ പദ്ധതി അവസാനിച്ചെങ്കിലും കേരള സർക്കാരിന്റെ ഹരിത കേരളം മിഷൻ കുടിയിലെ നെൽകൃഷി മുന്നോട്ടുകൊണ്ടുപോകാൻ പ്രോത്സാഹനം നൽകി വരികയാണ്. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടന്നുകൊണ്ടിരിക്കുന്നത്.
- ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സലിം അലി ഫൗണ്ടേഷൻ, കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പ്, കൃഷി വിജ്ഞാൻ കേന്ദ്ര, പട്ടികവർഗ്ഗ വികസന വകുപ്പ്, അടിമാലി ഗ്രാമപഞ്ചായത്ത്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ തുടങ്ങിയവരെ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്.
- ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ, കൃഷി ഓഫീസർ, എ ഡി എ, സലിം അലി ഫൗണ്ടേഷൻ ഡയറക്ടർ, കെ വി കെ ഫീൽഡ് ഓഫീസർ, മുതുവാൻ സമുദായ സംഘടനാ സംസ്ഥാന പ്രസിഡണ്ട്, പാടശേഖരസമിതി പ്രസിഡണ്ട് തുടങ്ങിയവർ സംബന്ധിച്ചു.

## 11.2 തെരുവപുൽ നടീലും പരിശീലനവും സംഘടിപ്പിച്ചു

- ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ അടിമാലിയിൽ അത്യുൽപാദനശേഷിയുള്ള തെരുവ പുൽ നടീലും അനുബന്ധ കാർഷിക പരിശീലനവും സംഘടിപ്പിച്ചു. അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരിപാടി ഉദ്ഘാടനം ചെയ്തു. അടിമാലി വാളറ കേന്ദ്രീകരിച്ച് തെരുവപുൽ കൃഷിയിൽ താൽപര്യമുള്ള കർഷകർക്ക് കേന്ദ്ര ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം - ബാംഗ്ലൂർ (CIMAP) നിന്നുള്ള ശാസ്ത്രജ്ഞൻ യോഗേന്ദ്ര ഡി ആണ് പരിശീലനം നൽകിയത്.
- കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കൽ, മണ്ണ് - ജല സംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ വാളറ മേഖലയിൽ വന്യമൃഗശല്യം കാരണം തരിശായി കിടക്കുന്ന കൃഷി സ്ഥലങ്ങളിൽ തെരുവപ്പുൽ കൃഷി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ അടിമാലി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ നടന്നുവരികയാണ്. കേന്ദ്ര ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം - ബാംഗ്ലൂർ, വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, കൃഷിഭവൻ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തുടങ്ങിയവരുടെ സംയോജനത്തോടെയാണ് തെരുവപ്പുൽ വ്യാപന പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. CIMAPന്റെ സാങ്കേതിക സഹായത്തോടു കൂടെ 30 ഏക്കറിലേക്ക് ആണ് കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പരിശീലനത്തിൽ ഇരുപതോളം കർഷകർ പങ്കെടുത്തു.
- കേന്ദ്ര ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം - ബാംഗ്ലൂർ (CIMAP) നൽകിയ ഒരു ലക്ഷം കൃഷ്ണ, സി ഐ എം ശിക്കാർ എന്നീ അത്യുൽപാദനശേഷിയുള്ള തെരുവപുൽ തൈകളുടെ നടീൽ ഉദ്ഘാടനം ശാസ്ത്രജ്ഞൻ യോഗേന്ദ്ര നിർവഹിച്ചു. വാർഡ് മെമ്പർ, അസിസ്റ്റൻറ് കൃഷി ഓഫീസർ, വി എസ് എസ്

എസ് അസിസ്റ്റൻറ് ഡയറക്ടർ, ഹരിത കേരളം മിഷൻ പ്രോജക്ട് അസോസിയേറ്റ് എന്നിവർ സംബന്ധിച്ചു.

## 12. ഗ്രീൻ പ്രോട്ടോകോൾ

❖ ആലപ്പുഴ ജില്ലയിൽ ചെറുതന ഗ്രാമപഞ്ചായത്തിലെ വെട്ടുവേലിൽ ശ്രീ ഭദ്രകാളി ക്ഷേത്രത്തിലെ സപ്താഹയജ്ഞം ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് നടത്തി. പ്ലാസ്റ്റിക്കും ഡിസ്പോസിബിളുകളും ഒഴിവാക്കി സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകൾ എന്നിവ ഉപയോഗിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. ഹരിത കർമ്മ സേനയുടെ പ്ലേറ്റുകളും ക്ലാസ്സുകളും ഒരു നിശ്ചിത തുക വാടകയായി ഈടാക്കിക്കൊണ്ട് പഞ്ചായത്തിൽ നിന്ന് വിട്ടുകൊടുത്തു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഹരിത സേനയ്ക്ക് കൈമാറുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. കർപ്പൂരത്തിന്റെ കവറുകൾ ഒഴിവാക്കാൻ പേപ്പർ കവറുകൾ വിതരണം ചെയ്തു. ക്ഷേത്ര പരിസരത്തിലെ കാവ് സംരക്ഷണത്തിനായി ഒരു സമിതിയും പ്രവർത്തിക്കുന്നു. അലങ്കാരത്തിനായി പൂക്കളും പ്രസാദത്തിനായി വാഴയിലയും മാത്രം ഉപയോഗിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്താൽ ക്ഷേത്രത്തിന് ഉപഹാരവും ബഹുമാനവും നൽകി. ഹരിതകേരളം മിഷൻ ആർപി മാലിന്യ സംസ്കരണത്തിൽ ബോധവൽക്കരണ ക്ലാസ് എടുത്തു. ഹരിതകർമ സേന ഓലകൊണ്ട് ബാനർ തയ്യാറാക്കി പ്ലാസ്റ്റിക് വേസ്റ്റ് ശേഖരണം നടത്തി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, മെമ്പർമാർ, ഹരിതകേരളം മിഷൻ ആർ പി, ഹരിത കർമ്മസേന അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

❖ ആലപ്പുഴ ജില്ലയിൽ കരുവാറ്റ ഗ്രാമപഞ്ചായത്തിൽ കരുവാറ്റ ലീഡിങ് ചാനലിൽ നടന്ന 55 മത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം ഇക്കുറി ഹരിതചട്ടം പാലിച്ച് നടത്തി. സംസ്ഥാന നിയമസഭ ചീഫ് വിപ്പ് എൻ ജയരാജ ഉദ്ഘാടനം ചെയ്തു. പരിപാടിക്ക് ശേഷം ശേഖരിച്ച മാലിന്യങ്ങൾ ഹരിത കർമ്മ സേന അംഗങ്ങളെ ഉപയോഗിച്ച് തന്നെ നീക്കം ചെയ്യുകയും ചെയ്തു. പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് ഒപ്പം ടൂറിസം വകുപ്പ്, ഹരിത കേരളം മിഷൻ, ഐആർടിസി, ബോട്ട് ക്ലബ്ബുകൾ, പ്രാദേശിക ക്ലബ്ബുകൾ, എന്നിവയുടെ സഹകരണവും ഉണ്ടായിരുന്നു.

❖ എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരമറ്റം പള്ളി ചന്ദനക്കുടം കൊടികുത്തു ഉറുസ് ഗ്രീൻ പ്രോട്ടോകോൾ പ്രകാരം പാലിച്ചു നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.

❖ എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിലെ പ്രസിദ്ധമായ എടവനക്കാട് സെന്റ് അംബ്രോസ് പള്ളി തിരുനാൾ ഹരിത ചട്ട പ്രകാരം നടത്തുന്നതിന്റെ ഭാഗമായി കച്ചവടക്കാർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടിയുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തി.

## 13. തനത് പ്രവർത്തനങ്ങൾ

### 13.1 ഹരിതഗ്രന്ഥാലയം

കാസർഗോഡ് ജില്ലയിലെ ഗ്രന്ഥശാല/വായനശാല എന്നിവയെ ഹരിതഗ്രന്ഥാലയാക്കുന്നതിനുള്ള പ്രവർത്തനം ജില്ലയിൽ ആസൂത്രണം ചെയ്യുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഡിസംബർ 4, 7 തീയ്യതികളിൽ ലൈബ്രറി പ്രവർത്തകരുടെ യോഗം ചേരുകയും ഹരിതഗ്രന്ഥാലയത്തിന്റെ മാനദണ്ഡങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഹരിതഗ്രന്ഥാലയത്തിന് വേണ്ടി പ്രത്യക സർവ്വെ ഫോം ഉണ്ടാക്കുകയും അതിനനുസരിച്ച് യോഗങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഗൂഗിൾഫോം നൽകുകയും ലിങ്ക് കൈമാറുകയും ചെയ്തു. 71 ഗ്രന്ഥാലയങ്ങൾ ഗൂഗിൾഫോം വഴി രജിസ്ട്രർ ചെയ്തിട്ടുണ്ട്. ആയവ പരിശോധിച്ച് മാർക്ക് നൽകേണ്ടതുണ്ട്. ജനുവരി 18-ന് ഹരിതഗ്രന്ഥാലയം പ്രഖ്യാപനം നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

### 13.2 സ്വന്തമായി ഇനോക്കുലം നിർമ്മാണ യൂണിറ്റുമായി ഹരിത കർമ്മ സേന

കാസർഗോഡ് ജില്ലയിൽ നീലേശ്വരം നഗരസഭയിൽ ഇനോക്കുലം നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ ശ്രീമതി ടി വി ശാന്ത നിർവ്വഹിച്ചു. നഗരസഭയിലെ ഹരിത കർമ്മ സേനയാണ് നിർമ്മാണത്തിന് നേതൃത്വം നൽകുന്നത്. ജില്ലയിൽ ആദ്യമായാണ് ഒരു നഗരസഭ

ഇനോക്കുലം നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത്. ജൈവ മാലിന്യങ്ങളിൽ നിന്നും ദുർഗന്ധം വരാതിരിക്കുന്നതിനും മാലിന്യങ്ങൾ എളുപ്പത്തിൽ വിഘടിച്ച് വളമായി മാറുന്നതിനുമാണ് ഇനോകുലം ലായനി ഉപയോഗിക്കുന്നത്.

### 13.3 ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി

ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായിട്ടുള്ള ജലബന്ധാര ഡിസൈനും 3.25 കോടി രൂപയുടെ എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. അതിനുള്ള ഭരണാനുമതി ജില്ലാപഞ്ചായത്ത് ലഭ്യമാക്കുന്നതാണ്. അതിന്റെ ടെന്റർ നടപടികൾ ജനുവരി മാസം ആരംഭിക്കും.

### 13.4 കബനിക്കായി വയനാട് ക്യാമ്പയിനിന്റെ ആവാസ വ്യവസ്ഥാ പഠനം

കബനിക്കായി വയനാട് ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കേരളം മിഷൻ, പൂക്കോട് വെറ്ററിനറി സർവകലാശാല, വൈത്തിരി ഗ്രാമപഞ്ചായത്ത് സംയുക്തമായി വൈത്തിരി പുഴയുടെ ഇരുവശങ്ങളിലും 3 മീറ്റർ വീതം നീളത്തിൽ ആവാസ വ്യവസ്ഥ പഠനം നടത്താൻ തീരുമാനിച്ചു. പുഴയുടെ ഇരുവശങ്ങളിലുമുള്ള തവള, ചിത്രശലഭം, ഷഡ്പദങ്ങൾ, മത്സ്യങ്ങൾ, എന്നിവയെക്കുറിച്ചുള്ള പഠനമാണ് നടത്തുന്നത്. ആവാസ വ്യവസ്ഥ പഠനത്തിന്റെ ഉദ്ഘാടനം ജനുവരി 17 നു പൂക്കോട് വെറ്ററിനറി സരവകലാശാലയിൽ വെച്ച് തടത്താനും തീരുമാനിച്ചു.

### 13.4 കാനാമ്പുഴ പുനരുജ്ജീവന പദ്ധതി

കണ്ണൂർ ജില്ലയിലെ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2024 ഡിസംബർ 29 നു രജിസ്ട്രേഷൻ പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവ്വഹിച്ചു. മലിനീകരണവും പലവിധ ഇടപെടലുകളും മൂലം ശോഷിച്ച കാനാമ്പുഴയിൽ ശുചീകരണത്തിന്റെയും പുനരുജ്ജീവന പദ്ധതികളുടെയും ഭാഗമായി അദ്ഭുതകരമായ ജനകീയ മുന്നേറ്റമാണ് നടന്നത്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി, ജലസേചന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 440 ലക്ഷം രൂപ ഉപയോഗിച്ച് ചീപ്പ് പാലം മുതൽ തിലാന്നൂർ ശിശുമന്ദിരം റോഡ് വരെയുള്ള കാനാമ്പുഴയുടെ ഭാഗങ്ങളിലും കണ്ണൂർ നിയോജക മണ്ഡലം MLA-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 200 ലക്ഷം രൂപ ഉപയോഗിച്ച് ചൊവ്വ റെയിൽവേ പാലം മുതൽ മണ്ടേൻവയൽ വരെയുള്ള ഭാഗങ്ങളിലുമാണ് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തി വഴി എളയാവൂർ, പെരിങ്ങളായി പാടശേഖരങ്ങളിലേക്കുള്ള ജലസേചന സൗകര്യം വർധിക്കുകയും, കാനാമ്പുഴയുടെ സൗന്ദര്യം വീണ്ടെടുക്കുകയും, പൊതുജനങ്ങൾക്ക് സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള കാൽനടയാത്രക്കായി. നടപ്പാത നിർമ്മിക്കുകയും, അതുവഴി വിനോദ സഞ്ചാരസാധ്യത വർധിക്കുകയും ചെയ്തിട്ടുണ്ട്.

### കാനാമ്പുഴയുടെ വീണ്ടെടുപ്പ്

- ❖ കയ്യേറ്റങ്ങളും കരയിടിച്ചിൽ പോലുള്ള പ്രകൃതി ദുരന്തങ്ങളും മാലിന്യ നിക്ഷേപവും കാരണം കാനാമ്പുഴ നാശോൻമുഖമായി മാറിയിരുന്നു. നഗരത്തിലെ ഓടകളിൽ നിന്നുള്ള അഴുക്കു വെള്ളം പുഴയിലേക്ക് ഒഴുക്കി വിട്ടതിനാൽ ജലം ഉപയോഗ ശൂന്യമായി. മത്സ്യസമ്പത്ത് നശിച്ചു. വേനൽക്കാലത്ത് വറ്റിപ്പോകുന്നതിനാൽ സമീപത്തെ പാടശേഖരങ്ങളിൽ കൃഷി ഇല്ലാതായി.
- ❖ ഇത്തരത്തിൽ നശീകരണപെട്ട കാനാമ്പുഴയുടെ വീണ്ടെടുപ്പിനായി 2017 ൽ കണ്ണൂർ MLA കടന്നപ്പള്ളി രാമചന്ദ്രൻ നേതൃത്വത്തിൽ കണ്ണൂർ നിയോജക മണ്ഡലം വികസന സെമിനാർ നടന്നു. നദീ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കാനാമ്പുഴ അതിജീവനക്കമ്മിറ്റി രൂപീകരിച്ചു. രണ്ട് ദിവസങ്ങളിലായി 155 വിദഗ്ധരുൾപ്പെടെ പങ്കെടുത്ത് നീർത്തട നടത്തം പുഴയോര പഠനം, പഠന സംഗമം എന്നിവ നടന്നു
- ❖ പ്രാദേശിക ജനകീയ സമിതികളുടെ രൂപീകരണം, ജനകീയ കൺവെൻഷനുകൾ എൻജിനീയറിങ്ങ് കോളേജ്, പോളിടെക്നിക് എന്നിവർ ചേർന്ന് DPR തയ്യാറാക്കൽ നടത്തി. തിരുവനന്തപുരം ഹരിത കേരളം മിഷൻ ആസ്ഥാനത്ത് DPR അവതരണ ശിൽപശാല നടത്തി.

- ❖ നദി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കാനാമ്പുഴ അതിജീവനക്കമ്മിറ്റി രൂപീകരിച്ചു.
- ❖ കാനാമ്പുഴ അതിജീവന സപ്ലിമെന്റ് പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.
- ❖ ആയിരത്തിലേറെ ആളുകളുടെ പങ്കാളിത്തം പുഴയറിയാൻ പദയാത്ര - 2017 മെയ് 7 ന് അയ്യപ്പൻമല മുതൽ കുറുവ അഴിമുഖം വരെ 10 കി.മീ. ദൂരത്തിൽ പദയാത്ര നടന്നു
- ❖ പുഴയോര ദീപം തെളിയിക്കൽ, അയ്യായിരത്തിലേറെ ആളുകളുടെ പങ്കാളിത്തത്തിൽ നടന്ന ജനകീയ ശുചീകരണ യജ്ഞം 2017 മെയ് 14-ന് അന്നത്തെ ധനകാര്യ വകുപ്പു മന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.
- ❖ ജൂൺ 5 ലോക പരിസ്ഥിതി ദിനം അയ്യായിരത്തിലേറെ വൃക്ഷത്തൈകൾ വൃഷ്ടിപ്രദേശങ്ങളിൽ നട്ടു.
- ❖ 2023 ജൂൺ 4 - പുഴയറിയാൻ പുഴ നടത്തം സംഘടിപ്പിച്ചു.
- ❖ കൃത്യമായ ഇടവേളകളിൽ കാനാമ്പുഴ അതിജീവന സമിതി യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.
- ❖ കാനാമ്പുഴ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ജലസേചനവകുപ്പ് മുഖേന വിവിധ പദ്ധതികൾ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. തിലാന്നൂർ ശിശുമന്ദിരം മുതൽ ചിപ്പുപാലം വരെയുള്ള കാനാമ്പുഴയുടെ 1470 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തിക്ക് 08/11/2019 ൽ ഹരിതകേരള പദ്ധതിയുടെ ഭാഗമായി പ്ലാൻ ഹെഡിൽ 440 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 2/02/2020 ൽ സാങ്കേതിക അനുമതി, 07/05/2020 ൽ കരാർ ഉടമ്പടി. 15/05/2020 നു പ്രവർത്തികൾ ആരംഭിച്ചു.
- ❖ പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുക, കരിങ്കൽ കൊണ്ട് പാർശ്വഭിത്തി നിർമ്മിക്കുക, ജലസേചനാവശ്യാർത്ഥം സ്ലൂയിസുകൾ നിർമ്മിക്കുക, വിനോദസഞ്ചാര ഉദ്ദേശത്തോടു കൂടി പുഴയുടെ ഇരുവശങ്ങളിലും നടപ്പാത/ബണ്ട് നിർമ്മിക്കുക, ബണ്ടിൽ കയർഭൂവസ്ത്രം വിരിക്കുക, തെരുവ് വിളക്കുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.
- ❖ പ്രവൃത്തി നടപ്പിലാക്കിയതോടു കൂടി എളയാവൂർ, പെരിങ്ങളായി പാടശേഖരങ്ങളിലേക്കുള്ള ജലസേചന സൗകര്യം വർധിക്കുകയും പ്രദേശത്തെ പാടശേഖരങ്ങളിൽ നെൽകൃഷി സജീവമാവുകയും ചെയ്തു.
- ❖ പ്രവൃത്തി നടപ്പിലാക്കിയതോടു കൂടി കാനാമ്പുഴയുടെ സൗന്ദര്യം വീണ്ടെടുക്കുകയും, പുളിക്കോം പാലം മുതൽ ചൊവ്വ റെയിൽവേ ബ്രിഡ്ജ് വരെയുള്ള 928 മീ നീളത്തിൽ പൊതുജനങ്ങൾക്ക് സൗന്ദര്യം ആസ്വദിച്ച് കൊണ്ട് കാൽനട യാത്രക്ക് ഉപകാരപ്പെടുന്ന രീതിയിൽ നടപ്പാത നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ കണ്ണൂർ MLA രാമചന്ദ്രൻ കടന്നപള്ളിയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ചൊവ്വ റെയിൽവേ ബ്രിഡ്ജ് മുതൽ മണ്ടേൻ വയൽ വരെയുള്ള പ്രവൃത്തിയും കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമാണ്.
- ❖ കാനാമ്പുഴയിലേക്കുള്ള നീരൊഴുക്ക് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നബാർഡ് RIDF 25 ധനസഹായത്തോടെ കാപ്പാട് - പെരിങ്ങളായി നീർത്തടത്തിൽ ചുവടെ ചേർത്ത വിവിധങ്ങളായ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- ❖ കാപ്പാട് - പെരിങ്ങളായി നീർത്തട ഗുണഭോക്തൃ സമിതിയുടെ സജീവ പങ്കാളിത്തത്തോടെയാണ് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് പോവുന്നത്. പൂർണ്ണമായും നഗരപ്രദേശത്ത് നടക്കുന്ന ഒരു നീർത്തട പദ്ധതിയെന്ന നിലയിൽ പ്രത്യേക പ്രാധാന്യം ഈ പദ്ധതിക്ക് ഉണ്ട്.
- ❖ 897.9 ഹെക്ടർ ആണ് കാപ്പാട് പെരിങ്ങളായി നീർത്തടത്തിന്റെ ആകെ വിസ്തൃതി. കണ്ണൂർ കോർപ്പറേഷനിലെ 17,18,19,20,30 എന്നീ വാർഡുകളിലായാണ് ഇത് സ്ഥിതിചെയ്യുന്നത്.
- ❖ 181.02 ലക്ഷം രൂപയുടെ പദ്ധതി അടങ്കലിൽ 107.28 ലക്ഷം രൂപ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 1908 ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു, 6407 തെങ്ങുകൾക്ക്, തടങ്ങൾ തയ്യാറാക്കി ജല സംരക്ഷണ പ്രവർത്തനം നടത്തി, 265 മീറ്റർ നീളത്തിൽ കുളം ബണ്ട് നിർമ്മിച്ചു. 225 കിണറുകളിൽ റീച്ചാർജ്ജ് സംവിധാനം

ഏർപ്പെടുത്തി, 12 എണ്ണം ചെറു കൽത്തടകൾ നിർമ്മിച്ചു. രണ്ടിടങ്ങളിൽ കോൺക്രീറ്റ് കൊണ്ടുള്ള ചെറുതടയണകൾ നിർമ്മിച്ചു, 390 മീറ്റർ തോട്ടിന്റെ പാർശ്വഭിത്തി നിർമ്മിച്ചു, കുളം ഭാഗികമായി നിർമ്മിച്ചു. ഒരിടത്ത് ഭാഗികമായ ഉറവ സംരക്ഷണ സംവിധാനം ഒരുക്കി.

- ❖ കാർഷിക സംസ്കൃതിയുടെ വീണ്ടെടുപ്പ് - പുഴയുടെ വീണ്ടെടുപ്പും പ്രകൃതിയുടെ സൗന്ദര്യവൽക്കരണവും നടത്തുന്നതോടൊപ്പം, മറഞ്ഞു പോകുന്ന കാർഷിക സംസ്കൃതിക്ക് ഈ മാറ്റം എങ്ങിനെ ഗുണകരമാക്കാമെന്നും ഈ പ്രവർത്തനത്തിലൂടെ തെളിയിച്ചിട്ടുണ്ട്. കണ്ണൂർ കോർപ്പറേഷന്റെ എളയാവൂർ, ചേലോറ മേഖലകളിലുള്ള പരന്നുകിടക്കുന്ന നെൽപ്പാടത്തിന്റെ നാടുവിലൂടെയാണ് കാനാമ്പുഴയുടെ സഞ്ചാരം.
- ❖ കാനാമ്പുഴയുടെ വികസന പദ്ധതിയിൽ ചീപ്പ് പാലം, കൂടത്തിൻതാഴെ എന്നിവിടങ്ങളിലായി രണ്ട് VCB പുതിയതായി പണിയുകയും, തിലാനൂർ ബൈപാസിനടുത്തും പെരിങ്ങളായി ശിശു മന്ദിരത്തിനടുത്തും നേരത്തെ ഉണ്ടായിരുന്ന VCB-ക്ക് ഷട്ടർ പണിയുകയും ചെയ്തത് മൂലം നീരൊഴുക്ക് നിയന്ത്രിച്ച് പുഴയുടെ ഇരു വശങ്ങളിലുമുള്ള നെൽപ്പാടങ്ങളുടെ ജലനിരപ്പ് നിയന്ത്രിക്കാൻ സാധിച്ചു. ഇതുമൂലം വളരെ വൈകി മാത്രം ചെയ്യാറുള്ള രണ്ടാം വിള നെൽകൃഷി നേരത്തെ ചെയ്യാനും മൂന്നാം വിളയായി പച്ചക്കറി ചെയ്യാനും കർഷകർക്ക് സാധിക്കുന്നു.
- ❖ എളയാവൂർ, ചേലോറ മേഖലകളിൽ ഉണ്ടായിരുന്ന തരിശുനിലങ്ങളും കൃഷി ചെയ്യുവാൻ കർഷകർ മുന്നോട്ടു വന്നു. ഇതുമൂലം ഏകദേശം 100 ഏക്കറോളം ഉണ്ടായിരുന്ന നെൽകൃഷിയുടെ വിസ്തൃതി വർധിപ്പിക്കാൻ സാധിച്ചു.
- ❖ വി സി ബി ഉപയോഗിച്ച് വേനൽ കാലത്തു ജലം സംഭരിയ്ക്കുന്നതു മൂലം സമീപ പ്രദേശങ്ങളിലുള്ള 250 ൽ അധികം കിണറുകളുടെ ജലനിരപ്പ് വർധിക്കുകയും കൂടുതൽ കരപ്രദേശത്തും കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.
- ❖ പ്രകൃതിയുടെ സൗന്ദര്യവൽക്കരണത്തോടൊപ്പം മാഞ്ഞുപോകുന്ന കാർഷിക സംസ്കൃതിയെക്കൂടി തിരിച്ചുകൊണ്ടുവരുന്ന ഒരു മഹത് പദ്ധതിയായി കാനാമ്പുഴ പുനരുജ്ജീവന പദ്ധതി മാറുന്നു.
- ❖ കേരളത്തിലെ നീർത്തട സംരക്ഷണ പദ്ധതികൾക്ക് ഒരു മാതൃകയാണ് ഇവിടെ രചിച്ചത്. പത്തുവർഷം മുന്നേ സമ്പൂർണ്ണമായി തരിശിട്ട പ്രദേശം. മാച്ചേരി മുതൽ താഴെ ചൊവ്വ വരെ സമ്പൂർണ്ണ നെൽകൃഷി ഇപ്പോൾ വ്യാപിപ്പിച്ചു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ഏതാനും ചെറുപ്പക്കാരുടെ കർഷക കൂട്ടായ്മ നവ കേരളത്തിന് ഈ പദ്ധതിയിലൂടെ പ്രതീക്ഷ നൽകുന്നു.
- ❖ കാനാമ്പുഴ പുനരുജ്ജീവന പദ്ധതി ഒന്നാംഘട്ട പ്രവർത്തികളുടെ പൂർത്തീകരണ ത്തിന്റെ ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ചു കുട്ടികളുടെ ചിത്രരചന ക്യാമ്പ്, കാനാമ്പുഴ - ഇന്നലെ ഇന്ന് നാളെ സെമിനാർ, കാനാമ്പുഴ ഫോട്ടോ പ്രദർശനം എന്നിവയും സംഘടിപ്പിച്ചു.

## 14. പാറക്വാറി റീച്ചാർജിങ്

- ❖ പത്തനംതിട്ട ജില്ലയിൽ മറൈൻ സർവെ ടീം പാറക്വാറികളിൽ സന്ദർശനം നടത്തി. പന്തളം, ആറന്മുള, റാന്നി - അങ്ങാടി തുടങ്ങിയ സ്ഥലങ്ങളിലെ ക്വാറികളാണ് പരിശോധനയ്ക്ക് തിരഞ്ഞെടുത്തിരുന്നത്. വർഷങ്ങളായി ഖനനം നിർത്തിവെച്ചിരിക്കുന്ന ക്വാറികളിൽ സംഭരിച്ചിരിക്കുന്ന വലിയ അളവിലുള്ള ജലം ജലസേചനത്തിനും പ്രാദേശിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതായി കണ്ടെത്തി. സന്ദർശനത്തിലൂടെ മാവര പാറ (കുരമ്പാല, പന്തളം), ഹിമാലയൻ പാറ (മാലക്കര-കുറിച്ചുമുട്ടം റോഡിലെ നീർവിളാകം ഭാഗത്ത് പുളിന്താനത്ത് പാറ ക്വാറി), പുറംപാറതടം പാറ ക്വാറി (റാന്നി-അങ്ങാടി) തുടങ്ങിയ ക്വാറികളിൽ ജലത്തിന്റെ ശുദ്ധത, ലഭ്യത, ക്വാറിയുടെ ആഴം എന്നിവ പരിശോധിക്കാൻ തീരുമാനിച്ചു. ഇതിനായി അടുത്ത ഘട്ടത്തിൽ ബോട്ടുകളുടെ സഹായത്തോടെ വിശദമായ പരിശോധന നടത്തും.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.12.2024 വരെ കരാറിലേർപ്പെട്ട 5,38,588 ഗുണഭോക്താക്കളിൽ 4,24,800 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ / വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,50,941 | 3,44,086 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,605 | 27,108 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,38,588** | **4,24,800** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

**വ്യക്തിഗത ഭവനം**

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) | - | 1,00,000 |
| 2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,00,052 |
| 2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - | 34,978 |
| **ആകെ** | - | **1,35,030** |
| 2024-25 വർഷം പൂർത്തീകരിച്ച വീടുകൾ | - | 21,242 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,13,788 |

| | | |
|---|---|---|
| റൂഫ് | - | 14,732 |
| ലിന്റിൽ | - | 13,079 |
| ബേസ്മെന്റ് | - | 16,392 |
| നിർമ്മാണം ആരംഭിച്ചവർ | - | 54,257 |
| നിർമ്മാണം ആരംഭിക്കാത്തവ | - | 15,328 |
| **ആകെ** | **-** | **1,13,788** |

| 2024 നവംബർ വരെ | 2024 ഡിസംബർ മാസം | 2024 ഡിസംബർ വരെ |
|---|---|---|
| **4,23,554** | **1,246** | **4,24,800** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 6,265 |
| വീടും സ്ഥലവും വേണ്ടവർ | - | 5,764 |
| **ആകെ** | **-** | **12,029** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 5,012 കുടുംബങ്ങളിൽ 2,886 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 31.12.2024 വരെ 1,10,981 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2024 നവംബർ വരെ | 2024 ഡിസംബർ മാസം | 2024 ഡിസംബർ വരെ |
|---|---|---|
| **1,03,944** | **7,037** | **1,10,981** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 31.12.2024 വരെ 2038.815 സെന്റ് (20.38 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിൻറെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതിനുള്ള ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി രണ്ടാം ഘട്ടത്തിൻറെ **MoU** ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11.12.2024-ന് ഒപ്പിട്ടിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിൻറെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 179 | 207 |
| 1 കോടി | 446 | 195 | 251 |
| **ആകെ** | **973** | **512** | **461** |

- കൊല്ലം ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻഫണ്ടും ഡോ. സുജിത് വിജയൻപിള്ള എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച ഗവൺമെൻറ് ലക്ഷ്മിവിലാസം എൽ പി സ്കൂൾ, ചവറ സൗത്ത് ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം ഡിസംബർ 13 ന് പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി ശിവൻകുട്ടി നിർവ്വഹിച്ചു.
- കോട്ടയം ജില്ലയിൽ കൊമ്പുകുത്തി ഗവൺമെന്റ് ഹൈസ്കൂളിന് ആർ.എം.എസ്.എ ഫണ്ട് 86 ലക്ഷം ജില്ലാ പഞ്ചായത്ത് ഫണ്ട് 15 ലക്ഷം ആകെ ഒരു കോടി ഒരു ലക്ഷം മുടക്കി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ശ്രീ.ഒ.ആർ.കേളു നിർവ്വഹിച്ചു.

## തനത് പ്രവർത്തനങ്ങൾ

- ഡിസംബർ 3 ലോക ഭിന്നശേഷി ദിനം: ഡിസംബർ 3 ലോക ദിന്നശേഷി ദിനം കൊല്ലം ജില്ലയിലെ എല്ലാ ബി ആർ സി കളിലും വിപുലമായി ആഘോഷിച്ചു. ഘോഷയാത്ര, സൈക്കിൾ റാലി, ദീപശിഖാ പ്രയാണം, ബിഗ് ക്യാൻവാസ് പ്രതിഭകളെ ആദരിക്കൽ, കുട്ടികളുടെ കലാപരിപാടികൾ എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.
- "ഭിന്നശേഷി വിദ്യാർത്ഥികളുടെ നേതൃപാടവം വർധിപ്പിച്ച് സുസ്ഥിര വികസന ഭാവിക്കായി അവരെ ഉൾച്ചേർക്കുക" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി കണ്ണൂർ ജില്ലയിൽ ഭിന്നശേഷി വാരാചരണം വളരെ ശ്രദ്ധേയമായ രീതിയിൽ 09.12.2024 ന് നടന്നു. കുട്ടികളുടെ വിവിധ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി പ്രവൃത്തിപരിചയ ശിൽപശാല, നാടൻകളികൾ, ശിശുസൗഹൃദ ഗെയിമുകൾ, സംഗീത ശിൽപശാല എന്നിവ വാരാചരണത്തിന്റെ ഭാഗമായി നടത്തി. കുട്ടികളുടെ പേശീചലന വികാസത്തിനും വ്യക്തിത്വവികാസത്തിനും സഹായകമാകുന്ന രീതിയിലാണ് ശിൽപശാലകൾ സംഘടിപ്പിച്ചത്. കിടപ്പിലായ കുട്ടികൾ ഉൾപ്പെടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ വിദ്യാർത്ഥികളുടെയും ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായാണ് പരിപാടികൾ ആവിഷ്ക്കരിച്ചത്. ടെറാക്കോട്ട ആഭരണ നിർമ്മാണം, കൊളാഷ് നിർമ്മാണം, കടലാസ് രൂപങ്ങളുടെ നിർമാണം എന്നിവയാണ് പ്രവൃത്തി പരിചയ ശിൽപശാലയിൽ നടന്നത്. ശിൽപശാലയുടെ ഭാഗമായി കുട്ടികൾ നിർമ്മിച്ച ഉൽപന്നങ്ങൾ വേറിട്ടതായി. ഭിന്നശേഷി വിദ്യാത്ഥികൾ മാത്രം ഉൾപ്പെടുന്ന രാഗലയം സംഗീത ട്രൂപ്പിന്റെ നേതൃത്വത്തിലുള്ള സംഗീതശിൽപശാലയും നടന്നു.
- ആലപ്പുഴ ജില്ലയിലെ വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിലെ തെരഞ്ഞെടുത്ത പെൺകുട്ടികൾക്കായി സമഗ്ര ശിക്ഷാ കേരളം കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കഴിഞ്ഞ അധ്യയന വർഷം നടപ്പിലാക്കിയ ശക്തി എന്ന പ്രോഗ്രാം നടത്തുന്നതിനായി ഈ അധ്യയന വർഷം STARS പദ്ധതിയിൽ അനുമതി ലഭിച്ചിട്ടുണ്ട്. ഡിസംബർ 12 ന് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ കരിയർ മാസ്റ്റർ ഉൾപ്പെടുത്തി ഡി ആർ ജി പരിശീലനം പൂർത്തീകരിച്ചു. സ്കൂൾതല

പരിശീലനവും ആലപ്പുഴ ജില്ലയിൽ പൂർണമായിട്ടുണ്ട്.

**സ്കിൽ ഡെവലപ്‌മെന്റ് സെന്റർ**

- ❖ വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ കോട്ടയം ജില്ലയിൽ അനുവദിച്ച 15 സ്കിൽ ഡെവലപ്‌മെന്റ് സെന്ററുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗവൺമെന്റ് വി.എച്ച്.എസ്.എസ് കാണക്കാരിയിൽ സ്കിൽ ഡെവലപ്‌മെന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രിക്ക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ, ടെലികോം ടെക്നീഷ്യൻ എന്നീ ട്രേഡുകളിൽ ആകെ 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. ക്ലാസുകൾ നടന്നു വരുന്നു. ബാക്കി 14 സ്കൂളുകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കും.

**ഉൾച്ചേർക്കൽ വിദ്യാഭ്യാസം**

- ❖ ക്രിസ്തുമസിനോട് അനുബന്ധിച്ച് കോട്ടയം ജില്ലയിലെ 13 ബി ആർ സി കളിലേയും കിടപ്പുരോഗികളായ ഭിന്നശേഷിക്കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും ക്രിസ്തുമസ് ആഘോഷം സംഘടിപ്പിക്കുകയും സമ്മാനം വിതരണം ചെയ്യുകയും ഉണ്ടായി. കൂടാതെ ഓട്ടിസം സെന്ററുകളിലും ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

**ബഡ്ഡിംങ് റൈറ്റേഴ്സ് - 2024 - 26 വർഷത്തെ സ്റ്റാഴ്സ്**

- ❖ വാർഷിക പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ സമഗ്രശിക്ഷ കേരള നടപ്പിലാക്കിയ ഗുണമേന്മ പരിപാടിയാണ് ബഡ്ഡിംഗ് റൈറ്റേഴ്സ്'. ഇടുക്കി ജില്ലയിലെ അപ്പർ പ്രൈമറി, സെക്കന്ററി വിദ്യാർത്ഥികളുടെ വായന പരിപോഷണവും സർഗ്ഗാത്മക വികാസവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന ഈ പരിപാടിയിലൂടെ വലിയമാറ്റങ്ങളാണ് വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നാണ് പ്രാഥമിക വിലയിരുത്തൽ.

**ഓൺലൈൻ അധ്യാപക സംഗമം**

- ❖ പാലക്കാട് ജില്ലയിലെ ഒന്നാം ക്ലാസുകാർക്കുള്ള രണ്ടാം ഭാഗം ഒന്നാം ക്ലാസ് ഭാഷാ പാഠപുസ്തകം പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ഓൺലൈൻ അധ്യാപക സംഗമങ്ങൾ ആരംഭിക്കുന്നു. സംസ്ഥാനതലത്തിൽ പരിശീലനം നേടിയ സമഗ്ര ശിക്ഷാ കേരളയിലെ ട്രെയിനർ സി ആർ സി സി അധ്യാപകർ ഫീൽഡ് തലത്തിൽ ഒന്നാം ക്ലാസിൽ അധ്യാപകർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഡിസംബർ 7ന് നടന്ന ജില്ലാതല ഓറിയന്റേഷൻ പ്രോഗ്രാമിൽ എസ് സി ഇ ആർ ടി കോർ ഗ്രൂപ്പ് അംഗങ്ങൾ പങ്കെടുത്തു.
- ❖ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണമേന്മാ കർമ്മപദ്ധതി അവതരണം വയനാട് ജില്ലയിൽ നടന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുക, കൊഴിഞ്ഞുപോക്ക് തടയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതിയുടെ ജില്ലാതല അവതരണം കൽപ്പറ്റയിൽ നടത്തി. ഡ്രോപ്പൗട്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്തു.

**മഞ്ചാടി**

- ❖ കേരളസർക്കാരിന്റെ ഇന്നവേഷൻ വിഭാഗമായ കെ ഡിസ്കിന്റെ സഹകരണത്തോടെ വിവിധ പഞ്ചായത്തുകളിൽ ആരംഭിച്ച മഞ്ചാടി കൂടാരങ്ങളിൽ നടപ്പിലാക്കി വിജയം കണ്ട പഠനരീതി എസ് സി ഇ ആർ ടി യുടെ വിലയിരുത്തലിനെ തുടർന്നാണ് സംസ്ഥാനത്തെ 100 സ്കൂളുകളിൽ നടപ്പിലാക്കുന്നത്.
- ❖ അഞ്ചാംതരം ഗണിതത്തിലെ ഭിന്നസംഖ്യകൾ എന്ന ആശയം നിർദ്ദേശിക്കപ്പെട്ട പഠനസമയത്തിനുള്ളിൽ കുട്ടികളിൽ ഉറപ്പാക്കാനാണ് തുടക്കത്തിൽ പദ്ധതി വിഭാവനം ചെയ്തത്. ആദ്യഘട്ട വിലയിരുത്തലിൽ പദ്ധതിയുടെ മികവ് തിരിച്ചറിഞ്ഞതോടെയാണ് പഠനരീതി ക്ലാസ് മുറി പരീക്ഷണം

രണ്ടാം ഘട്ടത്തിലേക്ക് നീങ്ങുന്നത്.

- എസ് സി / എസ് ടി വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്കൂൾ സമയത്തിന് ശേഷം ഒന്നര മണിക്കൂർ പ്രാദേശിക കൂട്ടായ്മയുടെ സഹായത്തോടെ ബിരുദധാരികളായ കുറച്ചുപേർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. ഈ അമ്മ ടീച്ചർമാർക്ക് ആവശ്യമായ ഓറിയന്റേഷൻ ക്ലാസുകൾ ഓൺലൈൻ വഴിയും അല്ലാതെയും നടന്നുവരുന്നുണ്ട്.
- ഡിസംബർ മാസത്തിൽ അമ്മ ടീച്ചർമാരുടെ ഓൺലൈൻ മീറ്റിങ്ങുകളും ആനിമേറ്റർമാരുടെ ഓൺലൈൻ മീറ്റിങ്ങുകളും മഞ്ചാടി പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് നടക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ അമ്മ ടീച്ചർമാരുടെ യോഗങ്ങൾ തുടർച്ചയായി നടന്നു വരുന്നുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ തുടരുന്നു. ചെറുവത്തൂർ ബി ആർ സി കേന്ദ്രീകരിച്ച് ഫെബ്രുവരി മാസത്തിൽ നടത്താനിരിക്കുന്ന പീലിക്കോട് പഞ്ചായത്തിലെ അധ്യാപകരുടെ ക്ലസ്റ്റർ മീറ്റിലെ ഡോക്യുമെന്റേഷനെക്കുറിച്ചും വരും ദിവസങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും അധ്യാപകരുമായി ചർച്ച സംഘടിപ്പിച്ചു. കൂടാതെ കാട്ടാക്കട, കുറുമാത്തൂർ, കോഴിക്കോട്, കൊയിലാണ്ടി എന്നീ ക്ലസ്റ്ററുകളിൽ സ്കൂൾ വിസിറ്റും അതോടൊപ്പംകുട്ടികളുടെ പഠനനിലവാരം അവലോകനം ചെയ്തുകൊണ്ട് അവരുടെ പഠനരീതിക്കനുസരിച്ച് പഠനക്രമത്തിൽ നവീനമായ കൂട്ടുചേർക്കലുകൾ വരുത്തുന്നു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ.പി പരിവർത്തനം | 43 | 16 (37%) | 17 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 151 | 86 (57%) | 29 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | 885 | 709 (80%) | 63 |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 31/12/2024 വരെ 79,78,930 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/12/2024 മുതൽ 31/12/2024 വരെ 18,04,630 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7,68,489 (43%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 32,454 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 34,907 (2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 61,629 (3%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 38,015 (2%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 5,17,956 (29%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 66,663 (4%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 21,418 (1%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ ഡിസംബർ 31/12/24 വരെ 1,80,728 (ആകെ പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 15,234 (ആകെ പരിശോധിച്ചവരിൽ 1.8%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- 2024 ഡിസംബർ മാസത്തിൽ മാത്രം (01/12/2024 മുതൽ 31/12/2024 വരെ) ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ തുടർ സ്ക്രീനിങ്ങിൽ 55,163 (ആകെ പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 4,511 (ആകെ പരിശോധിച്ചവരിൽ 1.8%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 3,57,249 (20%) പേരുടേയും പ്രമേഹം മാത്രമുള്ള 1,60,110 (9%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി

രേഖപ്പെടുത്തിയിട്ടുണ്ട്.

- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.
- ❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ തുടർ സ്ക്രീനിങ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായുള്ള ജനകീയ ആരോഗ്യ കേന്ദ്രം പോർട്ടൽ ഇ ഹെൽത്ത് വികസിപ്പിച്ചു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി
- ❖ 31/12/2024 വരെ 79,78,930 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 1,66,541 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ 2024 ഡിസംബർ മാസത്തിൽ മാത്രം (01/12/2024 മുതൽ 31/12/2024 വരെ) 18,04,630 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 32,454 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. 31/12/2024 വരെ ക്യാൻസർ സ്ക്രീനിങ് പൂർത്തിയാക്കിയ 41,962 വ്യക്തികളുടെ പരിശോധന വിവരങ്ങൾ ക്യാൻസർ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.

- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

## 4) നിർണയ ലാബ് നെറ്റ്വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്വെയർ സംവിധാനം മലപ്പുറം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.
- ❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ ലാബ് സാമ്പിളുകൾ ശേഖരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെയും ജില്ലയിലെ ലാബ് ടെക്ക്നീഷ്യന്മാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിൽപശാല സംഘടിപ്പിച്ചു.

## 5) വയോജന-സാന്ത്വന പരിചരണം

- ❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു

'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

- ❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.
- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 29 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 750 ആയുർവേദ ഡോക്ടർമാരും 320 പാരാമെഡിക്കൽ സ്റ്റാഫുകളും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള ജില്ലാതല പരിശീലനങ്ങൾ നടത്തി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,61,918 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 30,168 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 31/12/2024 വരെ 79,78,930 (45%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 81,278 (1.02%) കിടപ്പുരോഗികളും 1,31,516 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 26,30,910 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
- ❖ 2024 ഡിസംബർ മാസത്തെ (01/12/2024 മുതൽ 31/12/2024 വരെ) സർവേയിൽ 18,04,630 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 15,034 (1%) കിടപ്പുരോഗികളും 27,105 (1.5%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 5,91,026 (33%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 34,177 (2%) പേർക്ക് വാർദ്ധക്യ സഹജമായ

ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.

- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- ❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) , പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ 2024 സെപ്റ്റംബർ മാസം ആരംഭിച്ചു.
- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശിൽപശാല നടത്തി. ശിൽപശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.
- ❖ സാന്ത്വന പരിചരണം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം എന്നീ മേഖലകളിൽ ക്യാമ്പയിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നത തല യോഗം ചേർന്നു. പാലിയേറ്റീവ് കെയർ രംഗത്തെ പുതിയ പദ്ധതികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി സംസ്ഥാനത്തെ എല്ലാ പാലിയേറ്റീവ് കെയർ പ്രവർത്തകരെയും സാന്ത്വന പരിചരണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരെയും സംഘടനകളെയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മൂന്നാം വർഷ പ്രവർത്തനങ്ങളുടെ പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശിൽപശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെന്റ് ശിൽപശാലയും

സംഘടിപ്പിച്ചിരുന്നു. ഈ ശിൽപശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.

- ❖ ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത് മുൻഗണനാക്രമത്തിൽ അതാത് പഞ്ചായത്തിലെ രോഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധനകൾ സംഘടിപ്പിച്ചു.
- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.
- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് 2024 ഒക്ടോബറിൽ സംസ്ഥാന-തല ശിൽപശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശിൽപശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- ❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട്

ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.

- ❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- ❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.
- ❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ❖ നിലവിൽ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ❖ ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ “ആരോഗ്യഭേരി” നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ “ജീവതാളം”

ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലി മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.

- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- ❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലി രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.

- കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 7 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 5 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 10 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 5 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

### കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 105 (15%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- സംസ്ഥാനത്ത് 483 (68%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 127 (18%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 512 (74%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 657 (93%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നീഷ്യനെങ്കിലും ഉള്ളത്.

- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും നവംബർ മാസത്തെ കണക്ക് പ്രകാരം 165 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 204 (29%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 23 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നവംബർ മാസം ചികിത്സ തേടിയ വ്യക്തികളിൽ 70% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- 192 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 20 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 192 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 15 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 498 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

### ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4700 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശിൽപശാല നടത്തി.
- ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.
- **വെൽ വുമൺ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 12 സ്ത്രീകളെങ്കിലും സേവനം തേടുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 27 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- **പേഷ്യന്റ് ഗ്രൂപ്പ് മീറ്റിങ്ങുകൾ**: ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 5 പേഷ്യൻറ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നതായും ഒരു യോഗത്തിൽ ശരാശരി 13 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.
- **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ**: ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 96 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ

ഹെൽത്ത് ഇൻസ്പെക്ടർ 136 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 62 ഭവന സന്ദർശനങ്ങളും നടത്തുന്നതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

- ❖ നവംബർ മാസത്തിൽ ഒരു ദിവസം ശരാശരി 12 പേരെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സേവനം തേടിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 5 ലാബ് പരിശോധനകൾ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ചെയ്തു വരുന്നു.
- ❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

❖ 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

❖ നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.

❖ മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ

❖ ഡിസംബർ മാസം 10 തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തിയിട്ടുണ്ട്. ഡിസംബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 1358 മിഷൻ യോഗങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ കൂടിയിട്ടുണ്ട്.

❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 2522 യോഗങ്ങൾ ഡിസംബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 278 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 696 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 61 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 133 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 352 യോഗങ്ങളും, ഹരിത സഭക്കായി 83 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 265 യോഗങ്ങളും, ജല ബജറ്റിനായി 23 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 30 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 88 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 55 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.

❖ ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 82 ജില്ലാ തല യോഗങ്ങളും 150 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 1556 തദ്ദേശ സ്വയംഭരണ യോഗങ്ങളും 737 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി ഡിസംബർ മാസത്തിൽ കൂടിയിട്ടുണ്ട്.

❖ വിവിധ യോഗങ്ങളിൽ 6914 ജനപ്രതിനിധികളും 12817 ഉദ്യോഗസ്ഥരും, 15289 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 35020പേർ ഡിസംബർ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.

❖ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 103 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 14014 പേർ പങ്കെടുക്കുകയും ചെയ്തു.

❖ ഹരിത കേരളം മിഷൻ 98 പരിശീലനങ്ങൾ ഡിസംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 4403 പേർ ഭാഗമായിട്ടുണ്ട്.

❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഡിസംബർ മാസത്തിൽ 21588 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 61994 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഒക്ടോബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടു

## ഹരിത കേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ ജില്ലാ സംഗ്രഹം - ഡിസംബർ

| സ്കീം/പ്രവർത്തിയുടെ പേര് | ഈ മാസം നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശില്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | വാർഡ് നിർവ്വഹണസമിതി | | | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിവിധ തലങ്ങൾ | | | | | | | | | | | | | | | | മുൻ മാസം വരെ | | തൻ മാസം | | | | |
| | ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | നഗരസഭാ/കോർപറേഷൻ | സ്ഥാപന | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | | | | | |
| കളക്ടറുടെ ജില്ലാ യോഗം | 6 | 0 | 0 | 0 | 0 | 6 | 12 | 165 | 21 | 198 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 14 | 0 | 14 |
| ജില്ലാ മിഷൻ യോഗം (ജില്ലാ പഞ്ചായത്തു പ്രസി:) | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 0 | 1 | 7 | 2 | 0 | 10 | 101 | 122 | 59 | 282 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 19 | 0 | 5 |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 3 | 17 | 140 | 18 | 518 | 696 | 565 | 2391 | 1401 | 4357 | 127 | 6187 | 2 | 96 | 14 | 927 | 26 | 0 | 6 | 75 | 4437 | 30 | 6892 |
| ഹരിത ഓഫീസ് | 6 | 13 | 126 | 17 | 116 | 278 | 469 | 1562 | 808 | 2839 | 60 | 3047 | 0 | 0 | 17 | 222 | 26 | 0 | 6 | 75 | 5639 | 20 | 8261 |
| ഹരിത ടൂറിസം | 3 | 2 | 42 | 5 | 9 | 61 | 209 | 290 | 167 | 666 | 15 | 828 | 0 | 0 | 2 | 100 | 26 | 0 | 6 | 75 | 445 | 52 | 2051 |
| ഹരിത അയൽക്കൂട്ടം | 3 | 6 | 108 | 11 | 5 | 133 | 489 | 470 | 655 | 1614 | 58 | 4739 | 0 | 0 | 4 | 316 | 0 | 0 | 3 | 38 | 988 | 8 | 865 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 2 | 10 | 228 | 15 | 10 | 265 | 1067 | 1195 | 1133 | 3395 | 68 | 4888 | 0 | 0 | 2 | 80 | 13 | 345 | 1 | 14 | 2915 | 241 | 15499 |
| ഹരിത സഭ | 0 | 0 | 73 | 10 | 0 | 83 | 264 | 471 | 246 | 981 | 5 | 557 | 94 | 13305 | 0 | 0 | 0 | 0 | 1 | 37 | 258 | 1 | 429 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 6 | 32 | 281 | 28 | 5 | 352 | 1190 | 1556 | 3664 | 6410 | 252 | 11599 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2027 | 336 | 9199 |
| ഹരിത KSRTC | 4 | 3 | 8 | 13 | 16 | 44 | 117 | 348 | 487 | 952 | 14 | 720 | 0 | 0 | 5 | 175 | 0 | 0 | 3 | 47 | 218 | 23 | 1849 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 6 | 5 | 24 | 12 | 8 | 55 | 123 | 331 | 877 | 1331 | 8 | 2804 | 0 | 0 | 2 | 64 | 0 | 0 | 0 | 0 | 68 | 22 | 1679 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 23 | 39 | 232 | 21 | 32 | 347 | 1519 | 2618 | 2928 | 7065 | 47 | 3825 | 4 | 411 | 17 | 1000 | 15140 | 238305 | 623 | 16932 | 3132 | 247 | 11066 |
| നെറ്റ് സീറോ കാർബൺ | 0 | 3 | 16 | 1 | 5 | 25 | 86 | 111 | 144 | 341 | 3 | 166 | 1 | 68 | 23 | 976 | 0 | 0 | 0 | 0 | 191 | 4 | 234 |
| നെറ്റ് സീറോ കാർബൺ - കോർഗ്രൂപ് യോഗം | 1 | 1 | 2 | 1 | 0 | 5 | 8 | 14 | 14 | 36 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 32 | 0 | 13 |
| ആകെ | 63 | 132 | 1287 | 154 | 724 | 2360 | 6219 | 11644 | 12604 | 30467 | 657 | 39360 | 101 | 13880 | 86 | 3860 | 15231 | 238650 | 649 | 17293 | 20385 | 984 | 58056 |

| ഹരിത കേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ ജില്ലാ സംഗ്രഹം - ഡിസംബർ | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം/പ്രവർത്തിയുടെ പേര് | ഈ മാസം നടന്ന യോഗം (എണ്ണം ) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശില്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജില്ലാതലം | ബ്ലോക്ക് തലം | ഗ്രാമപഞ്ചായത്തുതലം | നഗരസഭാ/ കോർപറേഷൻ തലം | സ്ഥാപനതലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | |
| മാപത്തോൺ | 0 | 0 | 4 | 0 | 0 | 4 | 11 | 18 | 29 | 58 | 0 | 0 | 0 | 0 | 0 | 0 | 21 | 0 | 9 |
| ജല ബജറ്റ് | 2 | 2 | 19 | 0 | 0 | 23 | 104 | 146 | 77 | 327 | 1 | 76 | 1 | 32 | 1 | 12 | 149 | 0 | 54 |
| നീരുറവു | 2 | 7 | 9 | 1 | 0 | 19 | 224 | 308 | 1586 | 2118 | 1 | 200 | 0 | 0 | 0 | 0 | 99 | 0 | 21 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 1 | 0 | 3 | 0 | 0 | 4 | 12 | 31 | 23 | 66 | 0 | 0 | 0 | 0 | 0 | 0 | 40 | 0 | 57 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 19 | 0 | 3 |
| ജലഗുണനിലവാര ലാബ് | 0 | 2 | 5 | 2 | 2 | 11 | 12 | 31 | 17 | 60 | 4 | 221 | 0 | 0 | 0 | 0 | 96 | 2 | 187 |
| ആകെ | 5 | 11 | 40 | 3 | 2 | 61 | 363 | 534 | 1732 | 2629 | 6 | 497 | 1 | 32 | 1 | 12 | 424 | 2 | 331 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 2 | 2 | 21 | 5 | 3 | 33 | 90 | 150 | 105 | 345 | 5 | 276 | 0 | 0 | 3 | 144 | 135 | 9 | 332 |
| പച്ചത്തുരുത്തു | 2 | 2 | 23 | 11 | 8 | 46 | 96 | 132 | 269 | 497 | 7 | 324 | 0 | 0 | 0 | 0 | 194 | 4 | 236 |
| തെങ്ങിന് തടം മണ്ണിന് ജലം | 2 | 0 | 6 | 1 | 0 | 9 | 41 | 76 | 163 | 280 | 23 | 47 | 0 | 0 | 1 | 21 | 30 | 1 | 63 |
| ആകെ | 6 | 4 | 50 | 17 | 11 | 88 | 227 | 358 | 537 | 1122 | 35 | 647 | 0 | 0 | 4 | 165 | 359 | 14 | 631 |

# ഒരു വർഷക്കാലത്തെ അവലോകനം
# 2024 ജനുവരി മുതൽ 2024 ഡിസംബർ വരെ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 25378 യോഗങ്ങൾ കഴിഞ്ഞ ഒരു വർഷ കാലയളവിൽ നടന്നിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ 408127 പേർ ഭാഗഭാക്കായി.
- കൂടാതെ 1708 ശില്പശാലകളും 649 പരിശീലനവും കഴിഞ്ഞ ഒരു വർഷ കാലയളവിൽ മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. 160980 പേർ ശില്പശാലകളിൽ പങ്കെടുത്തപ്പോൾ 34429 പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാനും മിഷന് സാധിച്ചിട്ടുണ്ട്.
- ഒരു വർഷ കാലയളവിൽ മിഷൻ നടത്തുന്ന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് 121190 ഇടപെടലുകൾ മിഷൻ ഉദ്യോഗസ്ഥർ വിവിധ പ്രവർത്തനങ്ങളിൽ നടത്തിയിട്ടുണ്ട്.
- ഒരു വർഷ കാലയളവിൽ 273127 പൊതുജനങ്ങളുടെ പ്രാതിനിധ്യവും സേവനവും മിഷന്റെ ഇടപെടലുകളുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ / പദ്ധതികളിൽ ഉറപ്പാക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.
- കഴിഞ്ഞ ഒരു വർഷ കാലയളവിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിവിധ മേഖലയിൽ പെട്ട ജനവിഭാഗവും ഉൾപ്പെടെ 876663 ജനവിഭാഗത്തിന്റെ സേവനം വിവിധ പ്രവർത്തനങ്ങളിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ വാർഷിക സംഗ്രഹം (2024 ജനുവരി മുതൽ ഡിസംബർ 31 വരെ) | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| സ്കീം / പ്രവർത്തിയുടെ പേര് | 2024 നടന്ന യോഗം (എണ്ണം) | 2024 നടന്ന യോഗങ്ങളിലെ പങ്കാളിത്തം | | | | 2024 നടന്ന നടന്ന ശില്പശാലകൾ | | 2024 നടന്ന മിഷൻ നൽകിയ പരിശീലനങ്ങൾ | | 2024 നടന്ന മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | 2024 നടന്ന പ്രവർത്തനങ്ങളുള്ള ജനപങ്കാളിത്തം | 2024 നടന്ന പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജന പ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യ സംസ്കരണ പ്രവർത്തങ്ങൾ** | | | | | | | | | | | | |
| മാലിന്യ സംസ്കരണം | 3866 | 15244 | 23044 | 42955 | 81243 | 694 | 39334 | 102 | 6935 | 11200 | 123100 | 250612 |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 3672 | 4895 | 14934 | 35305 | 55134 | 61 | 3721 | 62 | 4121 | 14051 | 20185 | 83161 |
| ഹരിത ഓഫീസ് | 4450 | 5716 | 16756 | 10511 | 32983 | 13 | 194 | 54 | 1251 | 23070 | 12621 | 47049 |
| ഹരിത ടൂറിസം | 563 | 2212 | 3542 | 3392 | 9146 | 2 | 37 | 10 | 331 | 2787 | 4098 | 13612 |
| ഹരിത അയൽക്കൂട്ടം | 831 | 2494 | 3297 | 9668 | 15459 | 2 | 76 | 25 | 1841 | 4885 | 79 | 17455 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 1123 | 3013 | 3113 | 5213 | 11339 | 0 | 0 | 2 | 80 | 5913 | 1006 | 12425 |
| ഹരിത സഭ | 700 | 1796 | 5380 | 5219 | 12395 | 626 | 97839 | 13 | 385 | 3405 | 62 | 110681 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 522 | 1518 | 3008 | 3906 | 8432 | 3 | 460 | 0 | 0 | 2623 | 348 | 9240 |
| ഹരിത KSRTC | 107 | 274 | 704 | 766 | 1744 | 0 | 0 | 5 | 175 | 370 | 42 | 1961 |
| മറ്റ്ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 1805 | 6739 | 11343 | 13216 | 31298 | 24 | 4290 | 29 | 2021 | 19800 | 9764 | 47373 |
| ഹരിതചട്ട പ്രവർത്തനങ്ങൾ | 641 | 1581 | 3902 | 6527 | 12010 | 42 | 847 | 22 | 4916 | 2278 | 16063 | 33836 |
| മാതൃകാ തദ്ദേശസ്ഥാപനങ്ങൾ | 256 | 534 | 667 | 603 | 1804 | 0 | 0 | 0 | 0 | 1463 | 2263 | 4067 |
| **ആകെ** | **18536** | **46016** | **89690** | **137281** | **272987** | **1467** | **146798** | **324** | **22056** | **91845** | **189631** | **631472** |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| മാപത്തോൺ | 187 | 1193 | 1128 | 1102 | 3423 | 15 | 392 | 3 | 51 | 755 | 2161 | 6027 |
| ജല ബജറ്റ് | 1102 | 5222 | 6668 | 4858 | 16748 | 42 | 1525 | 52 | 1518 | 7687 | 5979 | 25770 |
| നീരുറവു | 505 | 1631 | 2901 | 3206 | 7738 | 7 | 451 | 3 | 117 | 2282 | 3949 | 12255 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 154 | 390 | 993 | 463 | 1846 | 0 | 0 | 0 | 0 | 0 | 0 | 1846 |
| ജലഗുണനിലവാര ലാബ് | 306 | 1108 | 1361 | 4680 | 7149 | 20 | 1397 | 107 | 3138 | 1508 | 5034 | 16718 |
| പാറക്വാറി പ്രവർത്തനങ്ങൾ | 69 | 191 | 425 | 341 | 957 | 5 | 235 | 4 | 53 | 342 | 914 | 2159 |
| **ആകെ** | **2323** | **9735** | **13476** | **14650** | **37861** | **89** | **4000** | **169** | **4877** | **12574** | **18037** | **64775** |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| കാർഷിക പ്രവർത്തനങ്ങൾ | 573 | 1878 | 2405 | 4501 | 8784 | 12 | 807 | 6 | 357 | 1719 | 7723 | 17671 |
| നെറ്റ്സീറോ കാർബൺ | 734 | 3150 | 4115 | 13876 | 21141 | 113 | 6460 | 126 | 5923 | 5023 | 13383 | 46907 |
| പഞ്ചായത്ത്തല കോർഗ്രൂപ് പ്രവർത്തനം | 706 | 1641 | 2262 | 2351 | 6254 | 0 | 0 | 0 | 0 | 0 | 0 | 6254 |
| പച്ചത്തുരുത്ത് | 1258 | 4016 | 5343 | 10240 | 19599 | 9 | 380 | 7 | 251 | 6370 | 18859 | 39089 |
| തെങ്ങിന്-തടം മണ്ണിന് ജലം | 254 | 897 | 1026 | 2963 | 4886 | 1 | 25 | 4 | 319 | 1150 | 3123 | 8353 |
| **ആകെ** | **3525** | **11582** | **15151** | **33931** | **60664** | **135** | **7672** | **143** | **6850** | **14262** | **43088** | **118274** |
| **മറ്റ് പ്രവർത്തനങ്ങൾ** | | | | | | | | | | | | |
| തനതു പ്രവർത്തനം | 383 | 1213 | 2452 | 3026 | 6691 | 17 | 2510 | 12 | 556 | 1601 | 8324 | 18081 |
| നീലക്കുറിഞ്ഞി | 148 | 302 | 2085 | 16132 | 18519 | 0 | 0 | 1 | 90 | 908 | 14047 | 32656 |
| **ആകെ** | **531** | **1515** | **4537** | **19158** | **25210** | **17** | **2510** | **13** | **646** | **2509** | **22371** | **50737** |
| കളക്ടറുടെ ജില്ലാ യോഗം | 56 | 131 | 979 | 163 | 1273 | | | | | | | 1273 |
| ജില്ലാ മിഷൻ യോഗം | 11 | 34 | 332 | 78 | 444 | | | | | | | 444 |
| തദ്ദേശ മിഷൻ യോഗം | 281 | 2273 | 3168 | 1617 | 7058 | | | | | | | 7058 |
| സംസ്ഥാന മിഷൻ യോഗം | 115 | 16 | 2609 | 168 | 2630 | | | | | | | 2630 |
| **ആകെ** | **463** | **2454** | **7088** | **2026** | **11405** | | | | | | | **11405** |
| **2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 ആകെ നടത്തിയ യോഗങ്ങളും പങ്കാളിത്തവും** | | | | | | | | | | | | |
| **ആകെ** | **25378** | **71302** | **129942** | **207046** | **408127** | **1708** | **160980** | **649** | **34429** | **121190** | **273127** | **876663** |